LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

2005 ആഗസ്റ്റ് 3, ബുധൻ

വാല്യം CXXV] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 21

നിയമസഭ 2005 ആഗസ്റ്റ് മാസം 3-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ, ഓർഡർ ..... ചോദ്യം നമ്പർ 423

സംസ്ഥാനത്തിന് പുറത്ത് എൻജിനീയറിംഗ് പ്രവേശനം നേടിയ വിദ്യാർത്ഥികൾ

*1 [423] *ശ്രീ. കെ. മോഹൻ കുമാർ:*

„ *ജോർജ്ജ് ജെ. മാത്യു:*

„ *ടി. എൻ. പ്രതാപൻ:*

„ *ലൂഡി ലൂയിസ്:*

„ *കെ. ബാബു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം സംസ്ഥാനത്തെ എൻജിനീയറിംഗ് കോളേജുകളിൽ ഒട്ടാകെ എത്ര സീറ്റ് ഒഴിഞ്ഞുകിടന്നു;

GPM. 2/608/2012—2

(ബി) പ്രസ്തുതവർഷം വിദ്യാർത്ഥികൾ സംസ്ഥാനത്തിനുപുറത്തുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനം നേടിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ സംസ്ഥാനത്ത് എഞ്ചിനീയറിംഗ് ഡിഗ്രിക്കുള്ള സീറ്റുകൾ ഒഴിഞ്ഞു കിടക്കുമ്പോൾ ഇവിടെനിന്നും എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന് വിദ്യാർത്ഥികൾ സംസ്ഥാനത്തിന് പുറത്തുപോയതിനുള്ള കാരണം വിശദമാക്കാമോ;

(ഡി) സംസ്ഥാനത്തിനു പുറത്ത് എഞ്ചിനീയറിംഗ് പ്രവേശനത്തിനുള്ള യോഗ്യതയും, സംസ്ഥാനത്ത് ഇതിനുള്ള യോഗ്യതയും വ്യത്യസ്തമായതുകൊണ്ടാണോ ഇപ്രകാരം സംഭവിച്ചത് എന്നു വ്യക്തമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ)*: സർ,

(എ) ഗവൺമെന്റ് എൻജിനീയറിംഗ് കോളേജുകളിലെ 14 സീറ്റും സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിൽ 3833 സീറ്റും ഉൾപ്പെടെ മൊത്തം 3847 സീറ്റുകൾ ഒഴിഞ്ഞുകിടന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സംവരണതത്വമനുസരിച്ച് ഒരു വിഭാഗത്തിന് അനുവദിക്കുന്ന സീറ്റ് മറ്റൊരു വിഭാഗത്തിന് മാറ്റിനൽകുന്നതിന് വ്യവസ്ഥയില്ല. സീറ്റുകൾ ഒഴിഞ്ഞുകിടക്കാൻ ഒരു കാരണമിതാണ്. ഗവണ്മെന്റ് കോളേജുകളിലെ ഫീസുമായി താരതമ്യം ചെയ്യുമ്പോൾ സ്വാശ്രയ കോളേജുകളിലെ ഫീസ് വളരെ കൂടുതലായതും മറ്റൊരു കാരണമാണ്. വിദ്യാർത്ഥികൾക്ക് അവരുടെ താൽപ്പര്യമനുസരിച്ചുള്ള കോഴ്സ്, കോളേജ് ഇവ ലഭിക്കാതെ വരുന്നതും സീറ്റുകൾ ഒഴിഞ്ഞുകിടക്കുവാൻ കാരണമാണ്.

(ഡി) സംസ്ഥാനത്ത് പ്രൊഫഷണൽ കോഴ്സ് പ്രവേശനത്തിന് ബന്ധപ്പെട്ട വിഷയങ്ങൾക്ക് 50% മാർക്ക് വേണമെന്ന നിബന്ധനയുണ്ട്. അയൽ സംസ്ഥാനങ്ങളിൽ ഇങ്ങനെയൊരു നിബന്ധനയില്ലാത്തതും കേരളത്തിൽ നിന്നും എൻജിനീയറിംഗ് പഠനത്തിന് വിദ്യാർത്ഥികൾ സംസ്ഥാനത്തിനുപുറത്ത് പോകുന്നതിനുള്ള ഒരു കാരണമാകാം.

ശ്രീ. കെ. മോഹൻ കുമാർ: സർ, എൻജിനീയറിംഗ്-മെഡിക്കൽ വിദ്യാഭ്യാസം നേടാൻ ആഗ്രഹിക്കുന്ന കേരളത്തിലെ വിദ്യാർത്ഥികൾ ഇതിലേക്കായി അന്യസംസ്ഥാനങ്ങളിലേക്ക് പോകുന്നത് താരതമ്യേന കുറഞ്ഞിട്ടുണ്ട് എന്നത് ആശ്വാസ്യകരമാണ്. പക്ഷെ നിർഭാഗ്യവശാൽ നമ്മുടെ സമ്പദ്വ്യവസ്ഥയേയും സമൂഹത്തേയും ചലനക്ഷമമാക്കാൻ പ്രാപ്തമായ ആധുനികവും അഭികാമ്യവുമായ കോഴ്സുകൾ കേരളത്തിലെ എൻജിനീയറിംഗ് കോളേജുകളിൽ കൂടുതലായി ആരംഭിക്കാൻ സാധിച്ചിട്ടില്ല എന്നുള്ളത് ഒരു സത്യമായി അവശേഷിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ വ്യവസായ-മാനേജ്മെന്റ് മേഖലകളെ പരിരക്ഷിക്കുന്ന തരത്തിലുള്ള കോഴ്സുകൾക്ക് പഠിക്കുന്ന 90 ശതമാനം കുട്ടികൾക്കും campus placement ലഭിക്കുന്നില്ല. Campus placement ലഭിക്കുന്ന കോഴ്സുകൾ ആരംഭിക്കുന്നതിന്, അതിന് പരീക്ഷയിൽ മൂല്യനിർണ്ണയമൊക്കെ എളുപ്പം നടത്തുന്നതിനുതക്ക തരത്തിലുള്ള ഒരു സംവിധാനം നടപ്പിൽവരുത്തുന്നതിന് ഗവണ്മെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, എംപ്ലോയ്മെന്റ് മാർക്കറ്റിൽ ഡിമാൻഡുള്ള എൻജിനീയറിംഗ് കോഴ്സുകൾ എന്നുപറയുന്നത് ആപേക്ഷികമാണ്. അത് മാറിക്കൊണ്ടിരിക്കുന്ന ഒരു പ്രവണതയാണ്. കഴിഞ്ഞ പ്രാവശ്യമൊക്കെ ഐ.ടി. ബൂം ആയിരുന്നു. പിന്നീട് അമേരിക്കയിലെ ചില ഡെവലപ്മെന്റുകളൊക്കെ നോക്കിയപ്പോൾ ഐ.ടി. ബൂം പോയി. ഇപ്പോൾ വീണ്ടും വമ്പിച്ച തോതിൽ ഐ.ടി. മുന്നോട്ടു വന്നിരിക്കുകയാണ്. ആർക്കിടെക്ച്ചർ കോഴ്സിനും മുമ്പ് കുട്ടികൾ ഉണ്ടായിരുന്നില്ല. ഇപ്പോൾ വീണ്ടും അതിനൊരു പ്രവണത വന്നിരിക്കുകയാണ്. ഞങ്ങളാഗ്രഹിക്കുന്നത്, ഇന്ന് എംപ്ളോയ്മെന്റ് മാർക്കറ്റിൽ ഡിമാൻഡുള്ള കോഴ്സുകൾ കൊണ്ടുവരണമെന്നുള്ളതാണ്. അതിനുവേണ്ടിയുള്ള പരിശ്രമം ചെയ്തുകൊണ്ടിരിക്കുന്നു. ബയോ-ടെക്നോളജി രംഗത്തും മറൈൻ എൻജിനീയറിംഗ് രംഗത്തുമൊക്കെ കേരളത്തിൽ പുതിയ കോഴ്സുകൾ വന്നിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ പുതിയ കോഴ്സുകൾ ആരംഭിക്കണമെന്നുതന്നെയാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. എൻജിനീയറിംഗ് കോളേജുകളെ അതിന് പ്രാപ്തമാക്കിക്കൊണ്ടിരിക്കുകയാണ്. കൂടുതൽ കുട്ടികൾക്ക് കാമ്പസ് ഇന്റർവ്യൂവിലൂടെ ജോലി കിട്ടത്തക്കവിധത്തിൽ ഒരു മാറ്റം വന്നുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ മറ്റൊരു കാലഘട്ടത്തിലുമില്ലാത്ത വിധമാണ് എൻജിനീയറിംഗ് കോളേജുകളിൽ ഇന്ന് കാമ്പസ് ഇന്റർവ്യൂ നടന്നുകൊണ്ടിരിക്കുന്നത്. തിരുവനന്തപുരം എൻജിനീയറിംഗ് കോളേജിലാണ് ഏറ്റവുമധികം ഇന്റർവ്യൂ നടക്കുന്നത്. 100 ശതമാനമാണ് അവിടത്തെ placement. പാപ്പനംകോട്ടുള്ള കെ.എസ്.ആർ.ടി.സി.-യുടെ കോളേജ്, എറണാകുളം മോഡൽ എൻജിനീയറിംഗ് കോളേജ് എന്നിവിടങ്ങളിലും കാമ്പസ് ഇന്റർവ്യൂ നടക്കുന്നുണ്ട്. ഈ പ്രവണത ശക്തിപ്പെടുത്തണമെന്നാണ് ഗവണ്മെന്റ് ആഗ്രഹിക്കുന്നത്. അതുകൊണ്ട് കാമ്പസ് ഇന്റർവ്യൂ കൂടുതൽ നടത്തുന്നതിനുവേണ്ടിയുള്ള Industry Incubation പദ്ധതികൾ, Industry Linkage പദ്ധതികൾ, എക്സ്റ്റൻഷൻ സെല്ലിന്റെ വിപുലീകരണം, Soft skill development course എന്നിവകൂടി കൊണ്ടുവന്ന് വിദ്യാർത്ഥികൾ പഠിച്ചിറങ്ങുമ്പോൾ തന്നെ അവർക്ക് എംപ്ലോയ്മെന്റ് മാർക്കറ്റിൽ acceptability ഉണ്ടാക്കാൻവേണ്ടിയുള്ള പരിശ്രമത്തിലാണ് ഗവണ്മെന്റ് ഏർപ്പെട്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മോഹൻ കുമാർ: സർ, 2004-ലെ സാമ്പത്തിക അവലോകനത്തിൽ ഉന്നതവിദ്യാഭ്യാസവുമായി ബന്ധപ്പെട്ട വിലയിരുത്തലിൽ എൻജിനീയറിംഗ് പി.ജി. കോഴ്സുകളെക്കുറിച്ച് ഇരുത്തി ചിന്തിപ്പിക്കുന്ന ഒരു പരാമർശമുണ്ട്. ദേശീയ തലത്തിൽ 29,357 സീറ്റുകൾ എം.ടെക്കിന് ഉള്ളപ്പോൾ കേരളത്തിൽ എല്ലാ കോളേജുകളിലുമായി 207 സീറ്റുകൾ, അതായത് ഒരു ശതമാനത്തിൽ താഴെ മാത്രമാണ് എം.ടെക്ക് സീറ്റിൽ വിദ്യാർത്ഥികൾക്ക് പ്രവേശനത്തിനുവേണ്ടി ഇപ്പോൾ നിലവിലുള്ളത്. അതുകൊണ്ട് കേരളത്തിലെ പ്രതിഭാശാലികളായ വിദ്യാർത്ഥികൾക്ക് അന്യസംസ്ഥാനങ്ങളിൽ, അന്യരാജ്യങ്ങളിലേക്കുതന്നെ ഏറ്റവും ആധുനികമായ എം.ടെക്ക് കോഴ്സുകളിൽ അഡ്മിഷൻ ലഭിക്കുന്നതിനുവേണ്ടി പോകേണ്ടി വരുകയാണ്. കേരളത്തിലെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രതിഭാശാലികളായ അദ്ധ്യാപകരെ ലഭിക്കുന്നുമില്ല. ഈ ദുഃസ്ഥിതി മാറ്റുന്നതിനുവേണ്ടി ഏറ്റവും ആധുനികമായ കോഴ്സുകൾ വളരെ പെട്ടെന്ന് ആരംഭിക്കുന്നതിനുവേണ്ടി എൻജിനീയറിംഗ് കോളേജുകളെ മാത്രം ഉൾപ്പെടുത്തി മറ്റു സംസ്ഥാനങ്ങളിൽ ഉള്ളതുപോലെ ഒരു സർവ്വകലാശാല ആരംഭിക്കാനും കൂടുതൽ ഉന്നതവിദ്യാഭ്യാസ ഗവേഷണ സാധ്യത ഉറപ്പാക്കാനും ഗവണ്മെന്റ് നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതു പോലെ എം.ടെക്ക് കോഴ്സുകൾ കേരളത്തിൽ സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ്, ഇലക്ട്രോണിക്സ് ആന്റ് കമ്യൂണിക്കേഷൻ, ആർക്കിട്ടെക്ച്ചർ, കെമിക്കൽ എന്നീ ബ്രാഞ്ചുകളിലായി 203 എണ്ണം മാത്രമാണുള്ളത്. ദേശീയ ശരാശരിയുമായി താരതമ്യം ചെയ്താൽ അത് വളരെ കുറവാണ്. 0.7% മാത്രമേയുള്ളു. Core subject-കളിലാണ് എം.ടെക്ക് തരംഗമുള്ളത്. അതേ സമയത്ത് മറ്റു മേഖലകളിൽ കൂടി ഇതുവ്യാപിപ്പിക്കുന്നത് നല്ലതാണ്. അതിനെപ്പറ്റി ആലോചിക്കുന്നുണ്ട്. ഇവയെല്ലാം ക്രോഡീകരിച്ചുകൊണ്ട് സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് പുതിയ മാനം കണ്ടെത്തുന്നതിനുവേണ്ടിയുള്ള സാങ്കേതിക സർവ്വകലാശാല രൂപീകരിക്കാൻ വേണ്ടിയുള്ള പരിശ്രമം ചെയ്തുകൊണ്ടിരിക്കുകയാണ്. അതിന്റെ ഫൈനൽ റിപ്പോർട്ട് ഗവണ്മെന്റിന്റെ മുമ്പാകെ കിട്ടിയിട്ടുണ്ട്. ഗവണ്മെന്റ് അതു പരിശോധിച്ചുവരുകയാണ്. വൈകാതെതന്നെ സാങ്കേതിക സർവ്വകലാശാല രൂപീകരിക്കണമെന്നാണ് ഗവണ്മെന്റ് ആഗ്രഹിക്കുന്നത്.

ശ്രീ. ജോർജ്ജ് ജെ. മാത്യു: സർ, സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിൽ ഏറ്റവും മെച്ചപ്പെട്ട എൻജിനീയറിംഗ് കോളേജുകൾ ഏതെല്ലാമാണ്, അതുപോലതന്നെ സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്ന സ്വാശ്രയ കോളേജുകൾ ഏതെല്ലാം, സർക്കാർ കോളേജുകളിൽ 14 എണ്ണത്തിൽ സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നു എന്നുപറഞ്ഞു, അവ ഏതെല്ലാമാണ്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, സ്വാശ്രയരംഗത്ത് ഏറ്റവും നന്നായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ റാങ്കിംഗ് ചെയ്തിട്ടില്ല. അതുകൊണ്ട് അതിന്റെ വിവരം ലഭ്യമല്ല. റാങ്ക് ചെയ്യാനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. സത്യത്തിൽ അവ റാങ്ക് ചെയ്യപ്പെടേണ്ടതാണ്. ചോദ്യം വളരെ പ്രസക്തമാണ്. സ്വാശ്രയ സ്ഥാപനങ്ങളെ റാങ്ക് ചെയ്യണമെന്നുള്ള അദ്ദേഹത്തിന്റെ ആവശ്യം വളരെ സ്വാഗതാർഹമായ ആവശ്യമാണ്. അതിനുവേണ്ടി നടപടികൾ വേണം. ഒഴിഞ്ഞു കിടക്കുന്ന സീറ്റിന്റെ എണ്ണം, total number of seats – എൻജിനീയറിംഗ് - 22,461 സീറ്റുകളാണ്, mandatory seat എന്നു പറയുന്നത് ഗവണ്മെന്റ് സെക്ടറിലുള്ളത് 12,901 ആണ്. അതിൽ നമ്മൾ അലോട്ട് ചെയ്തത് 9054 സീറ്റുകളാണ്. Vacant seat under mandatory quota 3847 ആണ്. വേക്കന്റ് സീറ്റ് ഗവൺമെന്റിലും എയ്ഡഡ് കോളേജുകളിലുമായി 14 സീറ്റുകൾ മാത്രമേയുള്ളൂ. സെൽഫ് ഫിനാൻസിംഗ് കോളേജിൽ വേക്കന്റ് സീറ്റുകൾ 3833 എണ്ണമാണ്.

ശ്രീ. ജോർജ്ജ് ജെ. മാത്യു: സർ, ഈ കോളേജുകളിൽ പ്രധാനമായിട്ട് കുട്ടികളെ ലഭിക്കാനുള്ള ഒരു പ്രേരകശക്തി എന്നുപറയുന്നത് കാമ്പസ് സെലക്ഷനാണ്. ഇത് ആദ്യത്തെ ചോദ്യത്തിന്റെ ഉപചോദ്യമായാണ്. കാമ്പസ് സെലക്ഷൻ പൂർണ്ണമായിട്ട് നടക്കുന്നത് തിരുവനന്തപുരം എൻജിനീയറിംഗ് കോളേജിലും മറ്റു രണ്ടു-മൂന്നു കോളേജുകളിലുമാണെന്നുപറഞ്ഞു. അതുപോലെ സ്വാശ്രയ കോളേജുകളിലെ കാമ്പസ് സെലക്ഷൻ പൂർണ്ണമായി നടക്കുന്ന എത്ര കോളേജുകളുണ്ട്?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: മൂന്നാറിലുള്ള Centre for Continuing Education-ന്റെ നേതൃത്വത്തിൽ ഒരു കോളേജുണ്ട്. അത് പബ്ലിക് സെക്ടറിലുള്ള Self Financing Engineering College ആണ്. ശരിക്കും അതൊരു മാതൃകയാണ്. കാരണം ഒരു പൊതുമേഖലാസ്ഥാപനം എങ്ങനെ 100% കാമ്പസ് ഇന്റർവ്യൂവിലേക്ക് പോകാമെന്നുള്ളതിന്റെ ഏറ്റവും വലിയ classical example ആണ് മൂന്നാറിലെ ഈ കോളേജ്. നേരത്തേ ഞാൻ പറഞ്ഞതുപോലെ മോഡൽ എഞ്ചിനീയറിംഗ് കോളേജും രാജഗിരി കോളേജുമൊക്കെയുണ്ട്. ഇതുപോലുള്ള കോളേജുകളിലൊക്കെത്തന്നെ കാമ്പസ് ഇന്റർവ്യൂവിന്റെ ഒരു തരംഗം ഉണ്ടായിയെന്നുള്ളകാര്യം ഞാൻ ഈ സഭയെ സന്തോഷപൂർവ്വം അറിയിക്കുകയാണ്. ഒരു കാലഘട്ടത്തിലും ഇങ്ങനെയുണ്ടായിരുന്നില്ല. തൊഴിലുടമകൾ കേരളത്തിലേക്ക് വരാനുണ്ടായിരുന്നില്ല. വരികയാണെങ്കിൽതന്നെ എം.ബി.എ.പോലുള്ളതിന് ആളുകളെ എടുക്കാൻ മാത്രമേ വരാറുള്ളൂ. ഇപ്പോൾ അത് മാറി. എൻജിനീയറിംഗ് സെക്ടറിൽതന്നെ വമ്പിച്ച തോതിൽ കാമ്പസ് ഇന്റർവ്യൂ നടക്കുകയാണ്. മിക്കവാറും എല്ലാ എൻജിനീയറിംഗ് കോളേജിലും 20 മുതൽ 25% വരെ വന്നുകഴിഞ്ഞു. തൊഴിലുടമകൾ വൻതോതിൽ കേരളത്തിലേക്ക് വരുന്നുണ്ട്. ഈ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞതുപോലുള്ള ചില സ്ഥാപനങ്ങൾ നല്ല നിലയിൽ തന്നെ കാമ്പസ് ഇന്റർവ്യൂവിലേക്ക് പോവുകയാണ്. ഈ തരംഗം ശക്തിപ്പെടുത്തുന്നതിന് ഞങ്ങൾ ആഗ്രഹിക്കുന്ന ഒരുകാര്യം കോഴ്സ് കഴിഞ്ഞുപോകുന്ന സമയത്ത് ഒരു soft skill development ഇൻഡസ്ട്രി ഇൻക്യുബേഷൻ, ഇൻഡസ്ട്രി ലിങ്കേജ് എന്നീ പദ്ധതികൾ, communication skill, ഇതൊക്കെ കൊടുത്താൽ എംപ്ലോയർ അവരെ കൂടുതൽ സ്വീകരിച്ചുകൊള്ളും. അതുപോലെ നമുക്ക് എല്ലാ എഞ്ചിനീയറിംഗ് കോളേജിലും placement cell ഉണ്ട്. ഈ placement cell ശക്തിപ്പെടുത്തുക. അങ്ങനെയാണെങ്കിൽ അവർക്ക് കൂടുതൽ അവസരങ്ങളുണ്ടാകും. ഇതിനേക്കാളൊക്കെ ഉപരി മറ്റൊരുകാര്യം ഈ വർഷം അവസാനമോ അടുത്തവർഷം ആദ്യമോ നമ്മൾ International Education Meet നടത്താൻ പോവുകയാണ്. കേരളത്തിൽ എന്തൊക്കെ സാധ്യതയുണ്ട്, ഏതെല്ലാം വിധത്തിലുള്ള കോഴ്സുകൾ ഇവിടെ ലഭിക്കുന്നുണ്ട് എന്നവിവരം ലോകം അറിയട്ടെ. അതിനുവേണ്ടിയുള്ള പബ്ലിസിറ്റികൂടിയാണ് International Education Meet-ലൂടെ ഇപ്പോൾ പ്ലാൻ ചെയ്തിട്ടുള്ളത്. അതിനൊരു കമ്മിറ്റിയുണ്ടാക്കിയിട്ടുണ്ട്. വ്യവസായികളും അതുപോലെ academicians-ഉം ഈ International Education Meet വിജയിപ്പിക്കാനുള്ള പരിശ്രമത്തിലേർപ്പെട്ടിരിക്കുകയാണ്.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി ഇവിടെ ആദ്യ ചോദ്യത്തിനുനൽകിയ ഉത്തരത്തിൽ ഗവൺമെന്റ് എൻജിനീയറിംഗ് കോളേജുകളിൽ 14 സീറ്റും സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിൽ 3833 സീറ്റുമാണ് ഒഴിഞ്ഞുകിടക്കുന്നതെന്നു പറഞ്ഞു. ഇത് വ്യക്തമാക്കുന്നത്, സ്വാശ്രയ കോളേജുകളിലെ ഫീസ് ഘടന അമിതമായതുകൊണ്ടുതന്നെയാണ് അവിടെ ഇത്രയധികം സീറ്റ് ഒഴിഞ്ഞുകിടക്കുന്നത് എന്നുള്ളതാണ്. അതുകൊണ്ട് ഇനിയെങ്കിലും സ്വാശ്രയ മേഖലയിൽ എൻജിനീയറിംഗ് കോളേജുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൊടുക്കാതിരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? ഇങ്ങനെ സ്വാശ്രയ കോളേജുകളിൽ ഒഴിഞ്ഞുകിടക്കുന്ന സീറ്റുകൾ വിദ്യാർത്ഥികൾക്ക് ലഭിക്കുന്നതിനുവേണ്ടി അവിടെ ഫീസ് ഘടന കുറയ്ക്കുന്നതിനു വേണ്ടി നടപടിയെടുക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: എൻജിനീയറിംഗ് കോളേജുകൾ കേരളത്തിൽ പുതുതായി അനുവദിക്കുന്നതുസംബന്ധിച്ച് ഗവൺമെന്റ് നയപരമായ ഒരു തീരുമാനമെടുത്തിട്ടുണ്ട്. അതായത് കേരളത്തിൽ ഇനി നമുക്ക് എത്ര എൻജിനീയറിംഗ് കോളേജുകൾ വേണം, കൊടുക്കുകയാണെങ്കിൽ അതെവിടെ വേണം, ഏതെല്ലാം കോഴ്സുകളാണ് കൊടുക്കേണ്ടത് എന്നതിനെക്കുറിച്ചെല്ലാംതന്നെ ഒരു പഠനം നടത്തിയതിനുശേഷമേ ഇനി എൻജിനീയറിംഗ് കോളേജ് കൊടുക്കൂ എന്ന് ഗവൺമെന്റ് നയപരമായി തീരുമാനിച്ചിട്ടുണ്ട്. അതിനുവേണ്ടി റിട്ടയേർഡ് പ്രിൻസിപ്പൽ ശ്രീ. ജയശങ്കറിനെ ചെയർമാനായും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

Director of Technical Education, Director of LBS Centre for Science and Technology എന്നിവരെ മെമ്പർമാരായും ഒരു കമ്മിറ്റിയും ഉണ്ടാക്കിയിട്ടുണ്ട്. നമുക്കിനി എൻജിനീയറിംഗ് കോളേജുകൾ വേണമോ വേണമെങ്കിൽ എത്ര, എവിടെ, ഏതെല്ലാം ബ്രാഞ്ചുകൾ വേണം, എന്നിത്യാദി കാര്യങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാനാണ് ഈ കമ്മിറ്റിയെ വച്ചിട്ടുള്ളത്. ആ കമ്മിറ്റിയുടെ പഠന റിപ്പോർട്ട് കിട്ടിയതിനുശേഷം മാത്രമേ ഇനി പുതിയതായി എൻജിനീയറിംഗ് കോളേജുകൾ വേണമോ വേണ്ടയോ എന്നുള്ളകാര്യം തീരുമാനിക്കുകയുള്ളൂ. ശ്രീ. ടി. എൻ. പ്രതാപൻ ചോദിച്ച രണ്ടാമത്തെ ചോദ്യം ഫീസിന്റെ കാര്യമാണ്. ഇതുസംബന്ധിച്ച് നേരത്തെ 50% free, 50% payment എന്നുള്ള ഒരു നിയമം നമ്മൾ പാസ്സാക്കി. 50% payment എന്നുപറയുമ്പോൾ cost-wise ആയി ഇതു നടത്തിക്കൊണ്ടുപോകാനുള്ള ഫീ ഘടനയില്ലെങ്കിൽ ഈ സ്ഥാപനങ്ങൾ നടത്താൻ കഴിയാത്ത സാഹചര്യമുണ്ട്. അതുകൊണ്ട് ഇതിൽ ഫീസ് തീരുമാനിക്കാൻ ചില മാനദണ്ഡങ്ങളുണ്ട്. ഇത് ആ നിയമത്തിൽ പറഞ്ഞിട്ടുണ്ട്. ഇപ്പോൾ നമ്മൾ തോമസ് കമ്മിഷൻ പ്രകാരമുള്ള ഫീസാണ് വാങ്ങുന്നതെങ്കിലും self financing college-ൽ എങ്ങനെയാണ് ഫീസ് തീരുമാനിക്കേണ്ടതെന്നുള്ളതിന്റെ ഒരു merit rating നമ്മുടെ നിയമത്തിൽ പറഞ്ഞിട്ടുണ്ട്. അതുവച്ചുകൊണ്ട് ശരിക്കുപറഞ്ഞാൽ അത്യാവശ്യച്ചെലവ് ലഭിക്കുന്നവിധത്തിൽ അത് ചെയ്യണമെന്നാണ് നിയമത്തിൽ പറഞ്ഞിട്ടുള്ളത്. ഈ പ്രശ്നം കഴിഞ്ഞാൽപ്പിന്നെ ഇതുപ്രകാരമുള്ള ഫീസ് ഫിക്സേഷനിലേക്ക് നമുക്ക് പോകാൻ സാധിക്കും.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, കഴിഞ്ഞവർഷം നമ്മുടെ സംസ്ഥാനത്ത് 3847 എൻജിനീയറിംഗ് സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്. എന്നിട്ടും നമ്മുടെ സംസ്ഥാനത്തെ വിദ്യാർത്ഥികൾ അന്യസംസ്ഥാനങ്ങളിലേക്ക് എൻജിനീയറിംഗ് പ്രവേശനത്തിന് പോകുന്നത് നമ്മുടെ എല്ലാവരുടേയും കൺമുന്നിൽ കാണുന്ന ഒരു വസ്തുതയാണ്. അതിനൊരു പ്രധാനപ്പെട്ട കാരണം ഇവിടെയാണെങ്കിൽ 50% മാർക്ക് മിനിമംവേണം, മറ്റുസംസ്ഥാനങ്ങളിലാണെങ്കിൽ മിനിമം മാർക്കില്ല. ഇവിടെയാണെങ്കിൽ എൻജിനീയറിംഗ് സീറ്റ് ഒഴിഞ്ഞുകിടക്കുകയാണ്. ....(ബഹളം).....മറ്റു സംസ്ഥാനങ്ങളിൽ 40% മാത്രമേയുള്ളൂ, ഇത്രയില്ല. അതുകൊണ്ട് മറ്റു സംസ്ഥാനങ്ങളിൽ പ്രവേശനത്തിനുള്ള മിനിമം മാർക്ക് മാനദണ്ഡം എന്താണ് എന്നുള്ളത് നോക്കി അതിലേക്ക് കൊണ്ടുവരാൻ ശ്രമിക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: നേരത്തേ എ.ഐ.സി.ടി.ഇ. തന്നെ 50% എന്നുള്ള minimum condition വച്ചിരുന്നു. ഇപ്പോൾ അവർ അതെടുത്തുകളഞ്ഞു. ശ്രീ. ടി. എൻ. പ്രതാപൻ പറഞ്ഞതുപോലെ ഇന്ത്യയിലെ മറ്റു പല സംസ്ഥാനങ്ങളിലും ഇപ്പോൾ മിനിമം മാർക്ക് insist ചെയ്യുന്നില്ല. നമ്മൾ ചെയ്യുന്നുണ്ട്. നമ്മുടേത് മിനിമം

50% ആണ്, ഒ.ബി.സി. 45%, എസ്.സി./എസ്.ടി. 35%. പിന്നെ നമുക്ക് ഒരു qualification ഉണ്ട്. Qualification എന്നുപറയുന്നത് ഫിസിക്സ്, കെമിസ്ട്രി എന്നിത്യാദി വിഷയങ്ങളിൽ 450 മാർക്കാണ്. 2.08% അതായത് 10 മാർക്ക് മിനിമം അതിലും കിട്ടിയിരിക്കണം. അതുപോലെ ഈ രണ്ടിലും 10 മാർക്ക് കിട്ടിയിരിക്കണം. അപ്പോൾ ഈ മാർക്കിന്റെ കാര്യത്തിൽ നമുക്ക് കാര്യമായി വിട്ടുവീഴ്ച ചെയ്യാൻ സാധ്യത കുറവാണ്.

മി. സ്പീക്കർ: മിനിമം മാർക്ക് ഇല്ലെങ്കിൽ കോളേജ് അഡ്മിഷൻതന്നെ കിട്ടാത്ത സമ്പ്രദായമായിരുന്നു ഇവിടെ. Quality maintain ചെയ്യണ്ടേ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: അതെ, ഗുണനിലവാരത്തെ ബാധിക്കുന്ന ഒരു കാര്യമായതുകൊണ്ട് നമുക്ക് ഇന്നത്തെ ഘട്ടത്തിൽ അത് ലഘൂകരിക്കാൻ ബുദ്ധിമുട്ടാണ്.

ശ്രീ. ലൂഡി ലൂയിസ്: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ മറുപടിയിൽ എൻജിനീയറിംഗ് കോളേജുകളിൽ സീറ്റ് ഒഴിവുള്ള കാര്യം സൂചിപ്പിക്കുകയുണ്ടായി. കേരളത്തിലെ ന്യൂനപക്ഷ പിന്നോക്ക സമുദായമാണ് ആംഗ്ലോ ഇന്ത്യൻ സമുദായം. 1998 വരെ കേരളത്തിലെ എൻജിനീയറിംഗ് കോളേജ് അടക്കമുള്ള പ്രൊഫഷണൽ കോളേജുകളിൽ ആംഗ്ലോ ഇന്ത്യൻ സമുദായത്തിലെ വിദ്യാർത്ഥികൾക്ക് സീറ്റ് സംവരണം ചെയ്തിരുന്നു. 1998-ൽ അതെടുത്തുമാറ്റുകയും അത് യഹൂദവംശവുമായി ക്ലബ് ചെയ്യുകയും ചെയ്തിരിക്കുകയാണ്. ഇന്ന് കേരളത്തിൽ നമ്മുടെ സംസ്ഥാനത്ത് എൻജിനീയറിംഗ് കോളേജുകളിൽ സീറ്റ് ഒഴിഞ്ഞുകിടക്കുന്ന സാഹചര്യത്തിൽ ആംഗ്ലോ ഇന്ത്യൻ സമുദായത്തിന് മുൻകാലങ്ങളിലുണ്ടായിരുന്ന സംവരണം പുനഃസ്ഥാപിക്കുകയും എല്ലാ ബ്രാഞ്ചുകളിലും എൻജിനീയറിംഗ് കോളേജുകളിൽ ഓരോ സീറ്റ് അനുവദിക്കുകയും ചെയ്യുന്ന കാര്യം ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഈ mandatory reservation-ന് ഒരു മാനദണ്ഡമുണ്ട്. ആ മാനദണ്ഡം നമുക്ക് ഇന്നത്തെ ഘട്ടത്തിൽ എങ്ങനെ പുനഃസംവിധാനം ചെയ്യാമെന്നത് ഒറ്റവാക്കിൽ പറയാൻ കഴിയില്ല. അത് റൊട്ടേഷനുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. ഓരോ വിഭാഗത്തിന്റേയും റൊട്ടേഷൻ അതിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഇപ്പോൾ അഡ്മിഷൻ കഴിഞ്ഞ സാഹചര്യത്തിൽ ഒന്നും ചെയ്യാൻ കഴിയില്ല, മറ്റുഘട്ടങ്ങളിൽ എന്തുചെയ്യാൻ പറ്റുമെന്നുള്ളത് ഗവൺമെന്റ് പരിശോധിക്കാം.

ശ്രീ. ലൂഡി ലൂയിസ്: സർ, CAPE-ന്റെ കീഴിൽ ആരംഭിച്ചിരിക്കുന്ന എൻജിനീയറിംഗ് കോളേജുകളിൽ എവിടെയെങ്കിലും സീറ്റുകൾ ഒഴിഞ്ഞുകിടന്നിരുന്നോ? അതുപോലെതന്നെ അവിടെ ആരംഭിച്ചിരിക്കുന്ന വിദ്യാഭ്യാസവും തൊഴിലും സമ്പാദ്യവുമെന്ന രീതി ഒരു വിജയമായിരുന്നോ എന്നുള്ളകാര്യം ഗവൺമെന്റ് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: CAPE-ന്റെ കോളേജുകളിൽ മാത്രമായി എത്ര സീറ്റ് ഒഴിഞ്ഞുകിടക്കുന്നു എന്നുള്ളതിന് വേറെ നോട്ടീസ് തന്നാൽ പറയാം. ഇപ്പോൾ മൊത്തത്തിൽ ഗവണ്മെന്റ് കോളേജിൽ ഒഴിഞ്ഞുകിടക്കുന്ന സീറ്റുകളെക്കുറിച്ച് ഞാനിവിടെ പറഞ്ഞു. തൊഴിലുമായി ബന്ധപ്പെട്ട കാര്യമെന്നു പറയുന്നത് ഇവിടെമാത്രമല്ല, Linkage with industry എൻജിനീയറിംഗ് കോളേജിലെ പ്രധാനമായ ഘടകമാണ്. അത് വേണ്ടത്ര നമ്മുടെ നാട്ടിൽ വികസിച്ചുവന്നിട്ടില്ല. അത് CAPE-ന്റെ കോളേജിലായാലും നല്ലനിലയിൽ തന്നെ പരീക്ഷിച്ചു. എല്ലാ കോളേജുകളിലും ഞങ്ങളിത് പരീക്ഷിക്കാൻവേണ്ടി പോവുകയാണ്. കാരണം നമ്മുടെ ഏറ്റവും വലിയ പ്രശ്നം Engineering graduates പുറത്തുപോകുന്ന സമയത്ത് തൊഴിലുമായി അവർക്ക് വേണ്ടത്ര പരിചയം കിട്ടുന്നില്ല എന്നുള്ളതാണ്. അതുകൊണ്ട് linkage with industry എന്നുള്ളത് ഒരു പ്രധാനകാര്യമായി എടുത്തുകൊണ്ട് ആ മേഖല വികസിപ്പിക്കാൻ വേണ്ടിയാണ് ശ്രമിക്കുന്നത്. അതിന്റെ ആദ്യപടിയെന്നുള്ള നിലയിൽ, ബഹുമാനപ്പെട്ട പ്രസിഡന്റുതന്നെ ഇവിടെ പറഞ്ഞു ഈ തൊഴിൽ സംരംഭകത്വത്തെ സംബന്ധിച്ച് ജനങ്ങളിൽ ഒരു ആവേശം ജനിപ്പിക്കണം എന്ന്. അതിനുവേണ്ടി ഇപ്പോൾ ചെയ്യാനാഗ്രഹിക്കുന്ന ഒരു കാര്യം, ഇപ്പോൾ തിരുവനന്തപുരം എൻജിനീയറിംഗ് കോളേജിൽ Industry Incubation Centre ഉണ്ട്. അതുപോലെതന്നെ കോട്ടയം രാജീവ്ഗാന്ധി എൻജിനീയറിംഗ് കോളേജിലും തൃശ്ശൂർ എൻജിനീയറിംഗ് കോളേജിലുമുണ്ട്. ഇതുപോലെ തൊഴിൽ സംരംഭകത്വത്തെ സംബന്ധിച്ച് കൂടുതൽ ആളുകൾക്ക് പരിശീലനം കൊടുക്കുന്ന കാര്യത്തിലും അവർക്ക് സൗകര്യം ചെയ്തുകൊടുക്കുന്ന കാര്യത്തിലും Industry Incubation Centre-കൾ വ്യാപകമായി എല്ലാ എൻജിനീയറിംഗ് കോളേജുകളിലും ആരംഭിക്കണമെന്ന ഉദ്ദേശമുണ്ട്. CAPE-ൽ ഒരു നല്ല മോഡലുണ്ടായിരുന്നു. അതുവച്ചുകൊണ്ട് മറ്റു സ്ഥലങ്ങളിലേക്കുകൂടി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുകയാണ്.

ശ്രീ. കെ. ബാബു: സർ, കേരളത്തിലെ എൻജിനീയറിംഗ് കോളേജുകളിലും campus placement ഇപ്പോൾ ധാരാളമായി നടക്കുന്നു എന്ന് അങ്ങ് ചൂണ്ടിക്കാണിക്കുകയുണ്ടായി. വളരെ സ്വാഗതാർഹമാണ്, സന്തോഷകരമാണ്. എന്നാൽ കേരളത്തിൽ ധാരാളം എൻജിനീയർമാർ ഇപ്പോൾ ജോലിയില്ലാത്തവരായിട്ടുണ്ട്. Engineering graduates-ന് വിദേശത്ത് ധാരാളം തൊഴിലവസരങ്ങളുള്ളതായിട്ടാണ് മനസ്സിലാക്കുന്നത്. ലോക സാഹചര്യങ്ങളിൽ ഉയർന്നുവരുന്ന തൊഴിൽ സാധ്യതകൾക്കനുസരിച്ച് നമ്മുടെ നാട്ടിലെ എൻജിനീയർമാർക്ക് ജോലികിട്ടാൻ വേണ്ടി അവരെ പരിശീലിപ്പിക്കാനും ആ അവസരം പ്രയോജനപ്പെടുത്താനും ലക്ഷ്യം വച്ചുകൊണ്ട് ഗവൺമെന്റ് എന്തെങ്കിലും പരിപാടി ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):* സർ, പ്രൊഫഷണൽ കോളേജുകളിലെ കോഴ്സുകളെ സംബന്ധിച്ച് ചിന്തിക്കുന്ന സമയത്ത്, എൻജിനീയറിംഗ് ഗ്രാഡ്യുവേഷനെപ്പറ്റിയോ മറ്റു മേഖലകളെ സംബന്ധിച്ചോ ചിന്തിക്കുന്ന സമയത്ത്, നമ്മൾ കേരള സാഹചര്യം മാത്രം കണക്കിലെടുത്ത് ചിന്തിച്ചിട്ടു കാര്യമില്ല. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത ആളുകളുടെ എണ്ണം, തൊഴിൽരഹിതരായിട്ടുള്ള ആളുകളുടെ എണ്ണം ഇപ്പോൾ വളരെ കൂടുതലാണ്. നമ്മൾ ലോക മാർക്കറ്റിംഗിനെയാണ് ലക്ഷ്യമിടേണ്ടത്. ലോക മാർക്കറ്റിംഗിനെ ലക്ഷ്യമിടുന്ന സമയത്ത്, എൻജിനീയറിംഗ് സ്റ്റഡീസാകട്ടെ, മാനേജ്മെന്റ് സ്റ്റഡീസാകട്ടെ, പോളിടെക്നിക്കുകൾ ആകട്ടെ, നല്ല സാദ്ധ്യതകൾ വിവിധ തലങ്ങളിലുണ്ട്. ഈ സാദ്ധ്യതകളിൽ ഏറ്റവും പ്രധാനമായ കാര്യം സോഫ്റ്റ്വെയർ രംഗത്തെ മാറ്റമാണ്. ഇപ്പോൾ അമേരിക്കയിൽ ഒരു മണിക്കൂറിന് 50 ഡോളർവച്ചു നൽകുന്ന സോഫ്റ്റ്വെയറിന്റെ ജോലി 15 ഡോളറിന്റെ ചെലവിൽ ഇന്ത്യയിൽനിന്നും എടുക്കാൻ സാധിക്കും. അതുകൊണ്ട് വൻകമ്പനികൾ ഇന്ത്യയെ നോട്ടമിട്ടിരിക്കുകയാണ്. ബാംഗ്ലൂരിലും ആന്ധ്രാപ്രദേശിലുമൊക്കെ പോകുന്നതിനു പകരമായി അവർ ഇപ്പോൾ കൊച്ചിയിലേക്കു വരാൻ തുടങ്ങിയിട്ടുണ്ട്. നമ്മുടെ ടെക്നോപാർക്കിനെപ്പോലും ആശ്രയിക്കാൻ തുടങ്ങിയിട്ടുണ്ട്. ലോക മാർക്കറ്റിൽ ഏറ്റവും അധികം ഡിമാന്റുള്ള കോഴ്സുകൾ, സോഫ്റ്റ്വെയർ ഇൻഡസ്ട്രിയുമായി ബന്ധപ്പെട്ട് പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് വമ്പിച്ച പ്രാമുഖ്യം കൊടുക്കണമെന്ന് ആഗ്രഹിക്കുകയാണ്.

ശ്രീ. കെ. ബാബു: അങ്ങ് നേരത്തെ മറുപടി പറഞ്ഞപ്പോൾ കേരളത്തിൽ നിന്നും അന്യസംസ്ഥാനങ്ങളിലേക്ക് ഇപ്പോഴും കുട്ടികൾ പോകുന്നതിന്റെ കാരണം, കുട്ടികൾക്ക് ആവശ്യമുള്ള, അവർക്ക് അഭിരുചിയുള്ള കോഴ്സുകൾ ഇല്ലാത്തതായിരിക്കാം എന്നു പറയുകയുണ്ടായി. എന്നാൽ ഇത്തവണ ഗവൺമെന്റ് അവലംബിച്ച ഒരു നയം, പുതിയ കോളേജുകൾ കൊടുക്കുന്നില്ല എന്നതിനോടൊപ്പം തന്നെ നിലവിലുള്ള കോളേജുകളിൽ പുതിയ കോഴ്സുകൾ കൊടുക്കണ്ട എന്നുകൂടി തീരുമാനിക്കുകയുണ്ടായി. ഈ ആധുനിക കാലഘട്ടത്തിൽ ആവശ്യമുള്ള പുതിയ കോഴ്സുകൾ കൊടുക്കണ്ട എന്നുള്ള തീരുമാനം ഉചിതമാണോ? അതുപോലെ നമ്മുടെ എൻജിനീയറിംഗ് കോളേജുകളുടെ ക്വാളിറ്റി ഇംപ്രൂവ് ചെയ്യാൻ, വിദേശത്തുള്ള പഠനസാധ്യതകൂടി ഉറപ്പാക്കത്തക്ക വിധത്തിൽ, യൂണിവേഴ്സിറ്റികളുമായി, കോളേജുകളുമായി ഒരു ടൈ-അപ്പ് ഉണ്ടാക്കുന്ന വിദ്യാഭ്യാസ സമ്പ്രദായത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: എൻജിനീയറിംഗ് വിദ്യാഭ്യാസത്തെ സംബന്ധിച്ചു പറയുന്ന സമയത്ത് എംപ്ലോയ്മെന്റ് മാർക്കറ്റിൽ ഡിമാന്റുള്ള കോഴ്സുകൾ പുതിയതായി കൊടുക്കണം. അതിനുപുറമെ നിലവിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

കോഴ്സുകൾതന്നെ റീ-സ്ട്രക്ചർ ചെയ്യാവുന്നതാണ്. എംപ്ലോയ്മെന്റ് മാർക്കറ്റിലെ ഡിമാന്റ് നോക്കി നിലവിലുള്ള നമ്മുടെ ഇലക്ട്രോണിക്സ് കോഴ്സാകട്ടെ, സിവിൽ കോഴ്സ് ആകട്ടെ, മെക്കാനിക്കൽ ആകട്ടെ, അതിൽ ആവശ്യമായ കംപോണന്റ്കൂടി കൂട്ടിച്ചേർത്ത് റീ-സ്ട്രക്ചറിംഗ് ചെയ്യാൻ കഴിയുന്ന ഒരു സംഗതിയെക്കുറിച്ചാണ് ആലോചിക്കുന്നത്. രണ്ടാമത്തെ സംഗതി എന്നു പറയുന്നത്, ബഹുമാനപ്പെട്ട കെ. ബാബു സൂചിപ്പിച്ചതുപോലെ നമുക്ക് ഇപ്പോൾ പല പദ്ധതികളുമുണ്ട്. അതിൽ പ്രധാനപ്പെട്ട ഒരു പദ്ധതി എന്നു പറയുന്നത്, ലോകബാങ്കിന്റെ സഹായത്തോടുകൂടി എൻജിനീയറിംഗ് കോളേജുകളുടെ അക്കാഡമിക് നിലവാരവും ഇൻഫ്രാസ്ട്രക്ചർ നിലവാരവും വർദ്ധിപ്പിക്കാൻ വേണ്ടിയുള്ള ഒരു പദ്ധതിയാണ്. ആ പദ്ധതിപ്രകാരം എൻജിനീയറിംഗ് കോളേജ് തിരുവനന്തപുരം, എൻജിനീയറിംഗ് കോളേജ് ചെങ്ങന്നൂർ, എൻജിനീയറിംഗ് കോളേജ് കൊച്ചി, മോഡൽ എൻജിനീയറിംഗ് കോളേജ്, എസ്.സി.റ്റി. കോളേജ് ഓഫ് എൻജിനീയറിംഗ് തിരുവനന്തപുരം, എം.ഇ.എസ്. കോളേജ് കുറ്റിപ്പുറം, എൽ.ബി.എസ്. കോളേജ് ഓഫ് എൻജിനീയറിംഗ് കാസർകോട് എന്നീ സ്ഥാപനങ്ങൾക്കുവേണ്ടി 3,782 കോടി രൂപയുടെ ഒരു പ്രോജക്ട് ഇപ്പോഴുണ്ട്. ഇതിന്റെ പെർവ്യൂവിൽ പുതിയ കോളേജുകളെക്കൂടി ഉൾപ്പെടുത്താൻ ആവശ്യമായ പരിശ്രമം ചെയ്തുകൊണ്ടിരിക്കുകയാണ്. അങ്ങു സൂചിപ്പിച്ചതുപോലെ വിവിധ സർവ്വകലാശാലകളുമായിട്ടുള്ള ഒരു ടൈ-അപ്പിനെ സംബന്ധിച്ച് സജീവമായ ചർച്ച കൊണ്ടുവരേണ്ട സമയമാണിത്. ഈയിടെ അസോസിയേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റീസ് പ്രസിദ്ധീകരിച്ച ഒരു കണക്കുപ്രകാരം, ലോകത്തിന്റെ പല ഭാഗത്തുമുള്ള യൂണിവേഴ്സിറ്റികൾ ഇന്ത്യയിൽനിന്നും കുട്ടികളെ ഇന്റർവ്യൂ ചെയ്യിക്കുന്നതിനുവേണ്ടി ഇന്ത്യൻ പത്രങ്ങളിൽ വ്യാപകമായി പരസ്യം കൊടുത്തുകൊണ്ടിരിക്കുകയാണ്. നമ്മളെ സംബന്ധിച്ചിടത്തോളം അവരെ ആകർഷിക്കാൻ കഴിയത്തക്ക വിധത്തിലുള്ള നീക്കങ്ങൾ നമ്മുടെ ഭാഗത്തുനിന്നും വന്നിട്ടില്ല. ഗൗരവമായി ചർച്ച ചെയ്യപ്പെടേണ്ട ഒരു സംഗതിയാണ് ശ്രീ. കെ. ബാബു ശ്രദ്ധയിൽപ്പെടുത്തിയത്. നമ്മുടെ എൻജിനീയറിംഗ് കോളേജുകൾക്ക് മറ്റു വിദേശരാജ്യങ്ങളിലെ എൻജിനീയറിംഗ് കോളേജുകളുമായോ യൂണിവേഴ്സിറ്റികളുമായോ എങ്ങനെ ലിങ്കേജുണ്ടാക്കാമെന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് ഉന്നതതലയോഗം വിളിച്ചുകൂട്ടി ആവശ്യമായ ചർച്ച നടത്തുന്നതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സംസ്ഥാനത്തെ എൻജിനീയറിംഗ് കോളേജുകളിൽ, സ്വാശ്രയ കോളേജുകളിൽ ആയിരക്കണക്കിനു സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നത് അമിതമായ ഫീസ് സ്വാശ്രയമേഖലയിൽ ഏർപ്പെടുത്തിയതുകൊണ്ടാണെന്നു മന്ത്രി പറഞ്ഞു. ഇപ്പോൾ കോളേജിൽ ചേർന്ന വിദ്യാർത്ഥികളുടെ സ്ഥിതി നോക്കിയാൽ 2003-2004 വർഷം മെരിറ്റ് സീറ്റിൽ അഡ്മിഷൻ നേടിയ വിദ്യാർത്ഥികൾ ആദ്യത്തെ വർഷം ഗവൺമെന്റ് കോളേജിലെ ഫീസാണ്

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തത്. ഇപ്പോൾ ആ വിദ്യാർത്ഥികളോട് ഉയർന്ന ഫീസ് കൊടുക്കണമെന്ന് ആവശ്യപ്പെട്ടതിന്റെ ഫലമായി, വിദ്യാർത്ഥികൾക്ക് തുടർന്നും ആദ്യത്തെ ഫീസ് നിരക്കിൽ പഠിക്കാൻ സാധിക്കാത്ത സ്ഥിതി വന്നിരിക്കുന്നു എന്നു പറഞ്ഞുകൊണ്ട് ഇന്ന് വിദ്യാർത്ഥികൾ സംസ്ഥാനത്താകെ സമരത്തിലാണ്; അവർ സെക്രട്ടേറിയറ്റ് പടിക്കൽ ഇന്ന് സമരവുമായി വന്നിരിക്കുകയാണ്. ഇതിനൊരു പരിഹാരം കാണുന്നതിനുവേണ്ടിയായിരുന്നു നമ്മൾ ഇവിടെ നിയമനിർമ്മാണം നടത്തിയത്. ആ നിയമനിർമ്മാണം ഭരണഘടനയുടെ 9-ാം ഷെഡ്യൂളിൽപ്പെടുത്തണമെന്ന് നമ്മൾ ആവശ്യപ്പെട്ടു. ഇന്നലെ പാർലമെന്റിൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിരുന്നത് അത് 9-ാം ഷെഡ്യൂളിൽപ്പെടുത്താൻ സാധിക്കില്ലെന്നാണ്. ഈ സാഹചര്യത്തിൽ ഈ പ്രശ്നം പരിഹരിക്കാൻ എന്തു സമീപനം സ്വീകരിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: വിദ്യാർത്ഥി പ്രക്ഷോഭം കഴിഞ്ഞ പ്രാവശ്യം ഉണ്ടായ സമയത്ത് നമ്മൾ അവരുമായി ഉണ്ടാക്കിയ ധാരണയിൽ ഒരു കാര്യം നമുക്കു ചെയ്യാൻ കഴിഞ്ഞു. അതായത്, ഗവൺമെന്റ് ഉടമസ്ഥതയിലുള്ള സെൽഫ് ഫിനാൻസിംഗ് കോളേജുകളിൽ ഗവൺമെന്റിന്റെ ഫീസ് എന്നുള്ള തത്ത്വം അംഗീകരിച്ചു. 2003-2004 ബാച്ചിലെ കുട്ടികൾക്ക് ഒരു പ്രോബ്ലമുണ്ട്. കാരണം അവർ അന്ന് ആ ഫീസ്നിരക്ക് വച്ചുകൊണ്ടാണ് അഡ്മിഷൻ വാങ്ങിയത്. അതാണ് പ്രശ്നം. 9-ാം ഷെഡ്യൂളിൽപ്പെടുത്തുന്ന കാര്യത്തെ സംബന്ധിച്ച് ഗവൺമെന്റ് ഓഫ് ഇന്ത്യ അനുകൂലമായി ഇതുവരെ പ്രതികരിച്ചിട്ടില്ല. അന്നു സംയുക്തമായി ചർച്ച നടന്ന സമയത്ത് കൂട്ടായിട്ട് ചില നിവേദനങ്ങളോ മറ്റോ കൊടുക്കാമെന്ന് നമ്മൾ വിചാരിച്ചിരുന്നു. പക്ഷേ, ഇപ്പോൾ പാർലമെന്റിൽ പറഞ്ഞതായി പറഞ്ഞ മറുപടിപ്രകാരം 9-ാം ഷെഡ്യൂളിൽപ്പെടുത്തുന്ന കാര്യത്തിനോട് അനുകൂലമായിട്ടല്ല കേന്ദ്രമന്ത്രി പ്രതികരിച്ചത്. ഇനിയിപ്പോൾ നമ്മുടെ മുമ്പിൽ നല്ല ഒരു സന്ദർഭം വന്നിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് ഒരു പുതിയ നിയമം കൊണ്ടുവരികയാണ്. ആ നിയമത്തിന്റെ ഡ്രാഫ്ട് നമുക്ക് വന്നിട്ടുണ്ട്. ആ ഡ്രാഫ്ട് സർക്കുലേറ്റുചെയ്യാമെന്നാണ് ഞാൻ വിചാരിക്കുന്നത്. പ്രതിപക്ഷമടക്കം എല്ലാവരുമായി സംസാരിച്ച് ഈ ഡ്രാഫ്ടിന്റെ പുറത്ത് കേരളത്തിന്റെ സജഷൻ എന്താണെന്ന് ചർച്ച ചെയ്ത് തീരുമാനമുണ്ടാക്കിയിട്ട് ഡൽഹിയിൽ പോയി കൊടുക്കാം.

ശ്രീ. പി. പി. ജോർജ്ജ്: സർ, ഗുരുതരമായ ഈ പ്രശ്നത്തിന്റെ യാഥാർത്ഥ്യം ബഹുമാനപ്പെട്ട മിനിസ്റ്റർ ഇവിടെ പറഞ്ഞുകഴിഞ്ഞു. ഫീസിന്റെ കാര്യത്തിൽ മാത്രമല്ല ഈ പ്രശ്നമുണ്ടാകുന്നത്. നമ്മുടെ സ്റ്റേറ്റിലെ നല്ല കോഴ്സസ് ആയ ഇലക്ട്രോണിക്സ്, ആട്ടോമൊബൈൽ, ടെലികമ്മ്യൂണിക്കേഷൻസ്, കംപ്യൂട്ടർ എൻജിനീയറിംഗ്, സോഫ്ട്വെയർ അതിനൊന്നും സീറ്റ് കുറവില്ല. നേരെമറിച്ച്,

LIBRARY ARCHIVES Kerala Legislative Assembly

സിവിൽ എൻജിനീയറിംഗിന് സീറ്റ് കുറവുണ്ട്. അതുകൊണ്ട് ഈ മേഖലകളിൽ സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുക; നേരത്തെ പറഞ്ഞ മേഖലയിൽ പഠന നിലവാരം മെച്ചപ്പെടുത്തുക; ഇവയ്ക്കാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: പഴയ കോഴ്സസ് ആയ സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ, കെമിക്കൽ പോലുള്ള കോഴ്സുകൾക്ക് ഏതു സമയത്തും ഡിമാന്റുണ്ട്. ഇവിടെ കാണേണ്ട ഒരു കാര്യമെന്നു പറയുന്നത്, പുതിയ കോഴ്സുകൾ ഒരുകണക്കിന് ആപേക്ഷികമായിരിക്കും. പുതിയ ജോബ് ഓറിയന്റഡ് കോഴ്സുകളുടെ കാര്യത്തിൽ, എംപ്ലോയ്മെന്റ് മാർക്കറ്റിൽ, ലോകതലത്തിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റത്തിനനുസരിച്ച് അതിന്റെ ഡിമാന്റിൽ വ്യത്യാസം വന്നുകൊണ്ടേയിരിക്കും. എന്നാൽ സിവിലിലും മെക്കാനിക്കലിനും പണ്ടത്തെപ്പോലെ നിന്നിട്ടു കാര്യമില്ല. അതിനനുസരണമായിട്ടുള്ള കംപോണന്റ് കൂട്ടിച്ചേർത്ത്, അത് റീ-സ്ട്രക്ചർ ചെയ്ത്, കുറച്ചുകൂടി ആകർഷകമാക്കുകയും, അതിൽ സീറ്റുകൾ വർദ്ധിപ്പിക്കുകയും ചെയ്താൽ ഡിമാന്റ് ഏതുകാലത്തും അങ്ങനെതന്നെ നിൽക്കും. പുതിയ മേഖലയിലും കൂടുതൽ കോഴ്സുകൾ വേണം. പഴയ കോഴ്സുകൾ റീ-സ്ട്രക്ചർ ചെയ്യുകയും വേണം. അതാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഇവിടെ കഴിഞ്ഞ കുറെ നാളുകളായി സ്വാശ്രയ കോളേജുകൾ പ്രത്യേകിച്ചും, എൻജിനീയറിംഗ് കോളേജുകൾ വളരെ വർദ്ധിച്ചിരിക്കുകയാണ്. പല എൻജിനീയറിംഗ് കോളേജുകളിലും കുട്ടികൾ ഇല്ലാത്ത സ്ഥിതി ഇക്കൊല്ലവും ഉണ്ട്. ഏതായാലും നമ്മുടെ നിലവാരം മെച്ചപ്പെടുത്താനും, ലോകോത്തരമായി അംഗീകാരം കിട്ടാനും കഴിയുന്ന സ്ഥാപനങ്ങളായി ഇവയെ മാറ്റണമെങ്കിൽ, ഗവൺമെന്റിന്റെ ശ്രദ്ധയിലുണ്ടോ എന്ന് എനിക്കറിയില്ല, സാധാരണ യൂണിവേഴ്സിറ്റികളിൽനിന്നും മാറി, ഒരു ടെക്നിക്കൽ യൂണിവേഴ്സിറ്റി എൻജിനീയറിംഗിനുവേണ്ടി മാത്രമായി സ്ഥാപിക്കണം. ഇപ്പോൾ സ്വാശ്രയ എൻജിനീയറിംഗ് കോളേജിലെയും മറ്റു കോളേജിലെയും കുട്ടികളിൽനിന്ന് എല്ലാ യൂണിവേഴ്സിറ്റികളും ആയിരം രൂപ വീതം പ്രതിവർഷം ഒരു ഫീസ് ഈടാക്കുന്നുണ്ട്. ട്രെയിനിംഗ് കോളേജുകളിലും നഴ്സിംഗ് കോളേജുകളിലും എല്ലായിടത്തും ഈ സമ്പ്രദായമുണ്ട്. ഈ പണംകൊണ്ട് ഒരു യൂണിവേഴ്സിറ്റി നടത്താൻ ഒരു ബുദ്ധിമുട്ടുമില്ല. മൊത്തത്തിൽ നമ്മുടെ സ്റ്റാൻഡേർഡ് ഏകീകരിക്കാനും, ഒരു സിലബസ്സിന്റെ കീഴിൽ, ഒരു കരിക്കുലത്തിന്റെ കീഴിൽ കോഴ്സുകൾ നടത്താനും കഴിയുന്ന രീതിയിൽ, എൻജിനീയറിംഗിനുവേണ്ടി മാത്രമായി ഒരു സാങ്കേതിക യൂണിവേഴ്സിറ്റിയുണ്ടാകണം. 200-ൽ കൂടുതൽ എൻജിനീയറിംഗ് കോളേജുകൾ ഇപ്പോൾത്തന്നെ ഉണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എൻജിനീയറിംഗിനുവേണ്ടി മാത്രം ഒരു സാങ്കേതിക

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

യൂണിവേഴ്സിറ്റി ഉണ്ടാക്കുന്നതിനെപ്പറ്റി ഈ ഗവൺമെന്റിന് ആലോചനയുണ്ടോ? ഇല്ലെങ്കിൽ അതിനുള്ള കാലം കഴിഞ്ഞില്ലേ? അതുണ്ടാക്കുന്നത് സ്വാശ്രയമായിമതി. ഗവൺമെന്റിൽനിന്നും കാശൊന്നും കൊടുക്കാതെ ഇതു നടക്കും. അങ്ങനെ ഇത് ശരിപ്പെടുത്തി എടുത്താൽമതി. നമ്മുടെ ലാ യൂണിവേഴ്സിറ്റിപോലെ ഒരു യൂണിവേഴ്സിറ്റി ഉണ്ടാക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ശ്രീ. ആർ. ബാലകൃഷ്ണപിള്ള പറഞ്ഞതു വളരെ ശരിയായ സംഗതിയാണ്. നിലവിലുള്ള എൻജിനീയറിംഗ് കോളേജുകൾക്ക്, സ്വാശ്രയ എൻജിനീയറിംഗ് കോളേജുകൾക്ക് കൊടുക്കുന്ന അഫിലിയേഷൻ തന്നെ ഒന്നു മാറ്റിയാൽ നമുക്ക് അത് ഇവിടെ ചെയ്യാൻ കഴിയും. വളരെ നല്ല ആശയമാണ്. ആദ്യം ഒരു ഇന്ററിം റിപ്പോർട്ട് ബാബു റ്റി. ജോസ് തന്നു. അദ്ദേഹത്തിന്റെ ആദ്യത്തെ റിപ്പോർട്ട് കിട്ടിയതിനുശേഷം കുറച്ചുകൂടി അത് വിപുലീകരിക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ട്, ഇതിന്റെ സ്ട്രക്ചർ എങ്ങനെയായിരിക്കണം, എങ്ങനെയാണ് ഇതു രൂപീകരിക്കുന്നത് എന്നീ കാര്യങ്ങൾ പരിശോധിച്ച്, നിലവിലുള്ള എൻജിനീയറിംഗ് കോളേജുകളുടെ, മറ്റു യൂണിവേഴ്സിറ്റികളുടെ അഫിലിയേഷൻ കൂടി ഇതിലേക്കു മാറ്റി ഇതിനെ സാങ്കേതിക സർവ്വകലാശാല എന്നുള്ള നിലയിൽ കൊണ്ടുവരാനുള്ള ശ്രമമാണ് നടത്തുന്നത്. ബോംബെയിൽ മഹാരാഷ്ട്ര അംബേദ്കർ യൂണിവേഴ്സിറ്റിപോലുള്ള സ്ഥാപനങ്ങൾ നന്നായിട്ട് പ്രവർത്തിക്കുന്നുണ്ട്. ഇന്ത്യയിൽ പല സംസ്ഥാനങ്ങളിലും സാങ്കേതിക വിദ്യാഭ്യാസ യൂണിവേഴ്സിറ്റികൾ വന്നിട്ടുണ്ട്. അതേ പാറ്റേണിൽ കൊണ്ടുവരാനാണ് നമ്മൾ ഉദ്ദേശിക്കുന്നത്. അദ്ദേഹത്തിന്റെ ഫൈനൽ റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. അത് ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്.

ശ്രീ. എം. മുരളി: സർ, ഈ വർഷത്തെ കേരള യൂണിവേഴ്സിറ്റി ബി.ടെക് ഫൈനൽ ഇയർ റിസൽറ്റ് വരാൻ കാലതാമസം വന്നിരിക്കുകയാണ്. കാമ്പസ് പ്ലെയ്സ്മെന്റ് പോലെതന്നെ സംസ്ഥാനത്തിനുപുറത്തുള്ള കമ്പനികൾ ഇവിടെവന്ന് ഫൈനൽ ഇയർ റിസൽറ്റ് വന്നുകഴിഞ്ഞ് ഉയർന്ന മാർക്കുള്ള കുട്ടികളെ കണ്ടെത്തി റിക്രൂട്ട് ചെയ്യുമ്പോൾ സോഫ്റ്റ്വെയർ എഞ്ചിനിയേഴ്സിന് ഉൾപ്പെടെ ഈ റിസൽറ്റ് വൈകുന്നതുകൊണ്ട് അതിൽ പങ്കെടുക്കാൻ കഴിയാതെപോകുന്ന വളരെ ഗുരുതരമായ സാഹചര്യമാണുള്ളത്. ഇവിടെ കുട്ടികൾ ഇല്ലാത്തതുകൊണ്ട് അവർ മറ്റു സംസ്ഥാനങ്ങളിലേക്ക് പോവുകയാണ്. അതുകൊണ്ട് കേരള യൂണിവേഴ്സിറ്റി ബി.ടെക് റിസൽറ്റ് അടിയന്തിരമായി പ്രസിദ്ധീകരിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (*ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ*): യൂണിവേഴ്സിറ്റി അധികൃതരുമായി ബന്ധപ്പെട്ട് ഈ കാര്യങ്ങൾ ചെയ്യാം. യൂണിവേഴ്സിറ്റിയുടെ ഭാഗത്തുനിന്നും കാലതാമസം വരുന്നുണ്ട്. യൂണിവേഴ്സിറ്റി വൈസ്

ചാൻസിലർമാരുമായും മറ്റ് ബന്ധപ്പെട്ടവരുമായും ഗവൺമെന്റ് തീർച്ചയായിട്ടും ഇക്കാര്യം ചർച്ച ചെയ്യുന്നതാണ്.

ശ്രീ. എം. വി. ജയരാജൻ: സർ, നമ്മുടെ സംസ്ഥാനത്ത് ആകെയുള്ള 83 എഞ്ചിനീയറിംഗ് കോളേജുകളിൽ 71 എണ്ണവും സ്വാശ്രയാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന എഞ്ചിനീയറിംഗ് കോളേജുകളാണ്. അതിൽ 9 എണ്ണം മാത്രമാണ് സർക്കാർ നിയന്ത്രണത്തിലുള്ള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ. ഇപ്പോൾ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് മാനേജുമെന്റ് ചൂണ്ടിക്കാണിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയം സർക്കാർ നിയന്ത്രിക്കുന്ന സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിൽപ്പോലും സർക്കാർ നയം നടപ്പിലാക്കുന്നില്ല എന്നുള്ളതാണ്. ഉദാഹരണത്തിന് K.S.R.T.C, C.A.P.E തുടങ്ങിയ സർക്കാർ നിയന്ത്രണത്തിലുള്ള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ 2003-2004 വർഷത്തിലെ വിദ്യാർത്ഥികളിൽനിന്നും വാങ്ങേണ്ട ഫീസ് മെരിറ്റ് സീറ്റിൽ സർക്കാർ ഫീസ് എന്നുള്ളത് സർക്കാരിന്റെ നയമാണ്. അതിന് നമ്മൾ നിയമം കൊണ്ടുവന്നതാണ്. എന്നാൽ ഈ സ്ഥാപനങ്ങളിൽ 2004-2005-ൽ ചേർന്ന കുട്ടികളിൽനിന്ന് കൂടിയ ഫീസാണ് ഈടാക്കുന്നത്. കെ. ടി. തോമസ് കമ്മീഷൻ നിശ്ചയിച്ച ഫീസിനെക്കാൾ കൂടിയ ഫീസ് ഈടാക്കുന്ന സ്ഥാപനങ്ങളുണ്ട്. അപ്പോൾ ഇത്തരത്തിൽ സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലെങ്കിലും 2003-2004 മുതൽ ഇങ്ങോട്ട് മെരിറ്റ് സീറ്റിൽ പ്രവേശനം നേടിയ കുട്ടികളിൽനിന്ന് സർക്കാർ ഫീസ് എന്നുള്ളത് കർശനമായി നടപ്പാക്കുമോ? അതിനുള്ള നിർദ്ദേശം സർക്കാർ നൽകുമോ? ഇപ്പോൾ കുട്ടികളെല്ലാം തെരുവിൽ സമരരംഗത്താണ്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഗവൺമെന്റ് ഉടമസ്ഥതയിലുള്ള സെൽഫ് ഫിനാൻസിംഗ് കോളേജുകൾ ഉണ്ട്. ഐ.എച്ച്.ആർ.ഡി.-9, എൽ.ബി.എസ്.-2, കെ.എസ്.ആർ.ടി.സി.-1, C.A.P.E-5 അങ്ങനെ പോവുകയാണ്. അവിടെയെല്ലാം ഈ വർഷം ഗവൺമെന്റ് ഫീസ് കൊടുത്താൽ മതി എന്നുള്ള ഒരു തീരുമാനമെടുത്തു. 2003-2004 ബാച്ചിലെ കുട്ടികൾക്ക് അന്ന് കെ. ടി. തോമസ് കമ്മീഷൻ റിപ്പോർട്ട് പ്രകാരമുള്ള ഫീസ് നിരക്ക് ആയിരിക്കുമെന്ന് അവരോട് വ്യക്തമാക്കിയിട്ടുണ്ട്. ആ വ്യക്തമാക്കിയതിന്റെ അടിസ്ഥാനത്തിൽ പ്രവേശനം നേടിയവരാണ്. അത് ഇനി റീ-ഓപ്പൺ ചെയ്യാൻ ഈ ഘട്ടത്തിൽ കഴിയുകയില്ല. നേരത്തെ എടുത്ത തീരുമാനപ്രകാരം ഈ കൊല്ലം മുതൽ തീർച്ചയായിട്ടും അത് ഗവൺമെന്റ് നിരക്കിൽ എന്ന് അംഗീകരിച്ചുകൊണ്ട് ഉത്തരവ് കൊടുത്തുകഴിഞ്ഞിട്ടുണ്ട്.

ശ്രീ. ഇസ്ഹാക് കുരിക്കൾ: സർ, അങ്ങ് ഇൻഫർമേഷൻ ടെക്നോളജിയിൽ വിപ്ലവം സൃഷ്ടിച്ച ഒരു മന്ത്രിയാണ്. വല്ലാർപാടം കണ്ടെയ്നറും ബേപ്പൂർ തുറമുഖവും എല്ലാം സ്ഥിതിചെയ്യുന്ന ഒരു സംസ്ഥാനമാണ് കേരളം. നമ്മുടെ എഞ്ചിനീയറിംഗ് കോളേജുകളിൽ മറ്റു സംസ്ഥാനത്തുള്ളതുപോലെ

LIBRARY ARCHIVES Kerala Legislative Assembly

ഷിപ്പ് ടെക്നോളജിക്ക് ഒരു കോഴ്സ് ഇല്ല. അത് പാസ്സായാൽ ഉടൻതന്നെ കപ്പലിലും അതുപോലെ വിദേശരാജ്യങ്ങളിലുമൊക്കെ ജോലികിട്ടാൻ വളരെയധികം സാദ്ധ്യതയുണ്ട്. കോഴ്സുകൾ റീ-സ്ട്രക്ച്ചർ ചെയ്യുമെന്ന് അങ്ങ് പറഞ്ഞു. ഞങ്ങളുടെ നാട്ടിൽ അങ്ങ് എഡ്യൂസാറ്റ് മന്ത്രി എന്നാണ് അറിയപ്പെടുന്നത്. അതുകൊണ്ട് ഞാൻ അങ്ങയോട് അപേക്ഷിക്കുകയാണ്, നമ്മുടെ എഞ്ചിനീയറിംഗ് കോളേജുകളിൽ വിദേശത്ത് ജോലിസാദ്ധ്യതയുള്ള ഷിപ്പ് ടെക്നോളജി കോഴ്സ് തുടങ്ങാനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ബഹുമാനപ്പെട്ട ഇസ്ഹാക് കുരിക്കൾ പറഞ്ഞ കാര്യം കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ വളരെ സജീവമായിട്ട് ചെയ്തുകൊണ്ടിരിക്കുകയാണ്. അങ്ങ് സൂചിപ്പിച്ചതുപോലെ കേരളത്തിന്റെ വികസനത്തെപ്പറ്റി പറയുന്ന സമയത്ത് sky is the limit എന്നൊക്കെ പറഞ്ഞതുപോലെ കൊച്ചി കേന്ദ്രീകരിച്ചുകൊണ്ട് അനന്തമായ സാദ്ധ്യത വരുകയാണ്. ഷിപ്പ് ടെക്നോളജിയെ സംബന്ധിച്ചും മറൈൻ എഞ്ചിനീയറിംഗിനെ സംബന്ധിച്ചും എല്ലാ സാദ്ധ്യതകളുമുണ്ട്: കൊച്ചിൻ യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് തത്ത്വത്തിൽ ഇത് അംഗീകരിച്ചിരിക്കുന്നു. ഞാൻതന്നെ ഒരു ഘട്ടത്തിൽ ഈ കാര്യം വൈസ് ചാൻസിലറെ വിളിച്ച് പറയുകയും അദ്ദേഹം താൽപ്പര്യമെടുക്കുകയും ചെയ്തു. ഈ കാര്യം വൈകാതെതന്നെ കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ യാഥാർത്ഥ്യമാകുമെന്ന് ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. ബിനോയ് വിശ്വം: സർ, സ്വാശ്രയ കോളേജുകളുടെ ബാധയേറ്റ് ഗവൺമെന്റ് നീങ്ങിയപ്പോൾ കൂൺപോലെ മുളച്ച ഇത്തരം കോളേജുകളിലെ കുട്ടികൾ വലയുകയാണ്. പ്രത്യേകിച്ചും 2003-2004 ബാച്ചിലെ വിദ്യാർത്ഥികൾ വല്ലാത്ത പ്രയാസത്തിലാണ്. ഈ സംഘർഷം പരിഹരിക്കുന്നതിനുവേണ്ടി ചെയ്യാൻ സാധിക്കുന്ന കാര്യങ്ങൾ ഇപ്പോൾ ചെയ്യണം. ഇപ്പോൾ വേറെ നിയമം വരാൻ പോകുന്നു എന്ന് പറയുന്നു. അതിനുവേണ്ടി കാത്തിരിക്കാതെ ഈ പ്രശ്നം തീർക്കാൻവേണ്ടി ഇന്റെറിം ആയിട്ട് എന്തെങ്കിലും ചെയ്യാൻ ഗവൺമെന്റ് ഒരുക്കമുണ്ടോ എന്ന് വ്യക്തമാക്കാമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സ്വാശ്രയസ്ഥാപനങ്ങളെക്കുറിച്ചുള്ള അങ്ങയുടെ അഭിപ്രായം ശരിയല്ല എന്ന് വിനീതമായിട്ട് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ബെസ്റ്റ് ആയിട്ട് നടക്കുന്ന, ലോകനിലവാരമുള്ള, ക്ലാസ്സിക്കൽ ആയിട്ട് നടക്കുന്ന ഒരുപാട് സ്വാശ്രയ സ്ഥാപനങ്ങൾ ഈ കേരളത്തിൽ ഉണ്ടെന്ന സത്യം അങ്ങ് ഉൾപ്പെടെയുള്ളവർ തിരിച്ചറിയണം. നമ്മൾ അത് അഡ്മിറ്റ് ചെയ്യാതിരുന്നിട്ട് കാര്യമില്ല. ഞാൻ കഴിഞ്ഞ പ്രാവശ്യം ഒരു സബ്മിഷന് മറുപടി പറഞ്ഞിരുന്നു. സ്വാശ്രയ കോളേജുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുവേണ്ടിയുള്ള ചില സംവിധാനങ്ങൾ കൊണ്ടുവരണം. അതിന് ഒരു ക്വാളിറ്റി അഷ്വറൻസ് കൗൺസിൽ

LIBRARY ARCHIVES Kerala Legislative Assembly

പോലെ ഉണ്ടാക്കണമെന്ന് ഗവൺമെന്റ് ആഗ്രഹിക്കുകയാണ്. അതിനുവേണ്ടിയുള്ള കാര്യങ്ങൾ ചെയ്യുന്നുണ്ട്. 2003-2004-ൽ ഇന്ന ഫീസ് സ്ട്രക്ചർ ആണ് എന്ന് വ്യക്തമായി അറിഞ്ഞുകൊണ്ട് അഡ്മിഷൻ നേടിയ കുട്ടികളാണ് അവിടെയുള്ളത്. അതെല്ലാം ഇപ്പോൾ റീ-ഓപ്പൺ ചെയ്തുകൊണ്ടുവന്നാൽ ഇവിടംകൊണ്ട് അവസാനിക്കില്ല. നേരത്തേ അഡ്മിഷൻ കിട്ടിയ മുഴുവൻ കുട്ടികൾക്കും ഇത് റീ-ഓപ്പൺ ചെയ്യേണ്ടിവരും. അത് കൂടുതൽ വയ്യാവേലിയിലേക്ക് ചെന്നുപെടുന്ന ഒരു അവസ്ഥ ഉണ്ടാക്കും. അതുകൊണ്ട് ചെയ്യാൻ നിവൃത്തിയില്ല.

ശ്രീ. വി. ജെ. പൗലോസ്: സർ, അങ്ങയുടെ മറുപടിയിൽ 3847 സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നു എന്ന് പറഞ്ഞു. ഇവിടെ സ്വാശ്രയ കോളേജുകൾ അനുവദിച്ചത്, രണ്ട് സ്വാശ്രയ കോളേജ് = ഒരു സർക്കാർ കോളേജ് എന്ന ആശയം വച്ചുകൊണ്ടാണ്. സാധാരണക്കാർക്കും പട്ടികജാതിക്കാർക്കും പിന്നോക്ക വിഭാഗങ്ങൾക്കും കൂടുതൽ ഉന്നത വിദ്യാഭ്യാസ സൗകര്യം ഉണ്ടാക്കാമെന്ന ലക്ഷ്യം വച്ചുകൊണ്ട് ആരംഭിച്ച സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഒഴിവ് വന്ന സീറ്റുകൾ സംവരണവിഭാഗത്തിലാണോ അതോ മാനേജ്മെന്റ് സീറ്റുകളിലാണോ എന്നുള്ളത് പ്രത്യേകം പരിശോധിച്ചിട്ടുണ്ടോ; പരിശോധിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം സഭയിൽ പറയാമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഗവൺമെന്റ് അധീനതയിൽ 12,901 സീറ്റാണ് ഉള്ളത്. ആ കാര്യത്തിൽ 954 സീറ്റ് ഗവൺമെന്റിൽ പറഞ്ഞു. സെൽഫ് ഫിനാൻസിന്റെ കാര്യത്തിൽ 3833 സീറ്റാണുള്ളത്. ഇതിൽ വേക്കൻസി എന്ന പ്രശ്നം തീരെ വരുന്നില്ല. കാരണം, എസ്.സി./എസ്.ടി. മെരിറ്റിൽ കയറുകയാണെങ്കിലും ആ കോഴ്സിനുള്ള പണം റീ-ഇംബേഴ്സ് ചെയ്യാമെന്ന് പറഞ്ഞതുകൊണ്ട് എസ്.സി./എസ്.ടി. ക്വാട്ടയിൽ വരുന്നത് ഇല്ലാതാകില്ല. അഥവാ ഏതെങ്കിലും വന്നിട്ടുണ്ടെങ്കിൽത്തന്നെ അത് Other Eligible Communities-ൽ പോകും. അതും പ്രശ്നമുള്ള കാര്യമല്ല. പിന്നെ ബാക്കിയായി വരുന്നതിൽ സംവരണപ്രകാരം കിട്ടേണ്ടതും ഉണ്ട്. സംവരണപ്രകാരം ഇല്ലാതെ മെരിറ്റിൽ വരുകയാണെങ്കിൽ ആ സീറ്റിലേക്ക് അവർ കയറിപ്പോകുന്നു. അതിന്റെ ഫലമായി സംവരണത്തിൽ ബാക്കി വരുന്നു. അവസാനം സംവരണപ്രകാരമുള്ളതെല്ലാം നീക്കി നീക്കി കൂടുതൽ ഡിമാന്റ് ഇല്ലാത്ത കോളേജുകളിൽ ചെന്ന് അടിയുന്ന ഒരു സാഹചര്യമുണ്ട്. അങ്ങനെ ഉണ്ടെങ്കിൽപ്പോലും ഈ സീറ്റുകൾ മറിച്ചുകൊടുക്കാൻ പറ്റില്ല. സംവരണ തത്ത്വപ്രകാരം അതിൽപ്പെട്ട ആളുകൾക്ക് കിട്ടിയില്ലെങ്കിൽ അത് വേറെ കാറ്റഗറിക്ക് മാറ്റാൻ ഇന്നത്തെ സാഹചര്യത്തിൽ കഴിയില്ല. എസ്.സി./എസ്.ടി.ക്ക് അത് ഫുൾ ആകുന്നുണ്ട്. ഇല്ലെങ്കിൽ ഒ.ഇ.സി.ക്ക് പോകുന്നുണ്ട്. അതാണ് അതിന്റെ നിയമപരമായ വ്യവസ്ഥ.

GPM. 2/608/2012—4

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. ഷൺമുഖദാസ് : സർ, നമ്മുടെ കോളേജുകളിൽ സീറ്റ് കുറയുകയാണ്. രണ്ടാമത്തെ കൊല്ലം സീറ്റ് നികത്താൻ ലാറ്ററൽ എൻട്രി സംവിധാനപ്രകാരം ഡിപ്ലോമാക്കാരായ ധാരാളംപേർ ഇവിടെയുണ്ട്. എന്തെങ്കിലും ആനുകൂല്യങ്ങൾ കൊടുക്കുകയും അതിന് അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്താൽ രണ്ടാം കൊല്ലത്തേക്കുള്ള ഒഴിഞ്ഞുകിടക്കുന്ന സീറ്റ് നികത്താൻ കഴിയില്ലേ; ആ കാര്യം ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ലാറ്ററൽ എൻട്രി അനുവദിക്കാം എന്നാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ നടപടികളുമായി മുന്നോട്ടുപോകും.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, സംസ്ഥാനത്തിന് പുറത്ത് എഞ്ചിനീയറിംഗിന് പ്രവേശനം നേടിയ വിദ്യാർത്ഥികളെക്കുറിച്ചാണ് ചോദ്യം. എഞ്ചിനീയറിംഗ് സംവിധാനത്തെക്കുറിച്ച് നമ്മുടെ സർവ്വകലാശാല നിർണ്ണയിച്ചിട്ടുള്ള യോഗ്യതയും എ.ഐ.സി.ടി.ഇ. നിർണ്ണയിച്ചിട്ടുള്ള യോഗ്യതയും തമ്മിൽ വ്യത്യാസമുണ്ടെന്ന് വ്യക്തമായി കഴിഞ്ഞ സാഹചര്യത്തിൽ ഏകീകൃതമായ ഒരു മാർക്ക് എന്നുള്ള കേരളത്തിലെ നിബന്ധന ഒഴിവാക്കുന്നതിനുവേണ്ടി ഇത് സംബന്ധിച്ച എൻട്രൻസ് നിർത്താലാക്കിക്കൊണ്ട് പ്ലസ്ടു-വിന് ഗ്രേഡിംഗ് ഏർപ്പെടുത്തി അതിന്റെ അടിസ്ഥാനത്തിൽ അഡ്മിഷൻ നടത്തിയാൽ ഇത് പരിഹരിക്കാൻ കഴിയും. ഇപ്പോഴാണെങ്കിൽ സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന സമൂഹം എന്ന നിലയിൽ വിദ്യാർത്ഥികൾക്ക് കടന്നുവരാൻ പറ്റാത്ത ഒരു സ്ഥിതിയുണ്ട്. അതുകൊണ്ട് ആ കാര്യം പരിഗണിക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, ശ്രീ. പ്രതാപവർമ്മ തമ്പാൻ പറയുന്നതുപോലെ അങ്ങനെ സമ്മതിച്ചു കൊടുക്കുവാൻ പറ്റുകയില്ല. കാരണം ഒരു പ്രശ്നമുണ്ട്. എൻട്രൻസിനുപകരം ക്വാളിഫൈയിംഗ് എക്സാമിനേഷൻ മാർക്ക് നോക്കി എടുത്താൽ ഉണ്ടാകുന്ന പ്രശ്നം വിശദീകരിച്ച് പറയേണ്ട സംഗതിയാണ്. ഞാൻ ചുരുക്കി പറയാം. ക്വാളിഫൈയിംഗ് എക്സാമിനേഷന്റെ മാർക്കും എൻട്രൻസിന്റെ മാർക്കും തമ്മിലുള്ള വ്യത്യാസം എന്നു പറയുന്നത്, ക്വാളിഫൈയിംഗ് എക്സാമിനേഷൻ എന്നു പറയുന്നത് ഇവിടെ സി.ബി.എസ്.ഇ. ഉണ്ട്, പ്ലസ്ടു ഉണ്ട്, ഐ.സി.എസ്.ഇ. ഉണ്ട്. മറ്റു സംസ്ഥാനങ്ങളിൽ നിന്നും വരുന്നവരുണ്ട്. ഈ മാർക്കുകൾ ഏകീകരിച്ചുകൊണ്ട് ക്വാളിഫൈയിംഗ് എക്സാമിനേഷന്റെ മാർക്ക് ഇന്നതാണെന്ന് കണ്ടെത്താൻ പ്രയാസമുണ്ട്. അതിനു ബന്ധപ്പെട്ട ക്വാളിഫൈയിംഗ് എക്സാമിനേഷൻ നമ്മൾ തീരുമാനിച്ചപ്പോൾ അതിൽ പലതരത്തിലുള്ള കൈകടത്തലിന് സാദ്ധ്യതയുണ്ട്. കാരണം ഇപ്പോൾ സ്കൂളിൽത്തന്നെ മാർക്കിട്ടു കൊടുക്കുകയാണ്. ഗ്രേഡിംഗ് വന്നതോടുകൂടി 130

LIBRARY ARCHIVES Kerala Legislative Assembly

മാർക്ക് ഹൈസ്ക്കൂളിലുണ്ട്, പ്ലസ് ടു ലവലിൽ ഉണ്ട്. ഈ മാർക്കിൽ കൈകടത്തൽ വരാം. അതിന്റെ സാദ്ധ്യത തള്ളിക്കളഞ്ഞുകൂടാ. അത് എൻട്രൻസിന്റെ ക്രഡിബിലിറ്റിയെ ബാധിക്കും. രണ്ടാമത്തേത് എൻട്രൻസിന് ഒബ്ജക്ടീവ് ടൈപ്പ് ക്വസ്റ്റ്യൻ ആയതുകൊണ്ട് കറക്ടായിട്ട് അതിന്റെ ഉത്തരം കണ്ടെത്താം. മറ്റ് ക്വാളിഫൈയിംഗ് എക്സാമിനേഷന്റെ മാർക്കിന്, ഇപ്പോൾ എസ്സേ ക്വസ്റ്റ്യൻ, ഞാൻ നോക്കുന്ന സമയത്ത് ഒരു ചോദ്യത്തിന് ഉത്തരം ശരിയാണോ എന്നതിനെക്കുറിച്ച് എന്റെ മനോഗതം ഉത്തരത്തിൽ മാർക്കിടുമ്പോൾ സ്വാധീനിക്കും. വേറെയാളിന് വേറെ രീതിയാണ്. അതാണ് അതിന്റെ സ്വഭാവമെന്നു പറയുന്നത്. ക്വാളിഫൈയിംഗ് എക്സാമിനേഷനെ മാത്രം ഡിപ്പെന്റ് ചെയ്ക എന്നുപറയുന്നത് പ്രായോഗികമല്ല. അതുകൊണ്ടാണ് തമിഴ്നാട്ടിൽത്തന്നെ ഇത് ആരംഭിച്ച് കോടതിയിലൊക്കെ പോയി വലിയ വഴക്കായിട്ട് അവസാനം അതു വേണ്ട എന്നുവച്ചു. പക്ഷേ ഈ കാര്യം ചർച്ച ചെയ്യേണ്ടതാണ്. അക്കാദമിക് എക്സ്പെർട്ടുകളുമായി വിശദമായ ചർച്ച, എങ്ങനെ, ഇതു ചെയ്യാൻ പറ്റുമോ പറ്റില്ലയോ എന്നുള്ള കാര്യം തീരുമാനിച്ചേ പറ്റൂ. അതല്ലാതെ ഇപ്പോൾ നമുക്ക് അതിലേക്ക് പോകുവാൻ പറ്റില്ല. പോകുകയാണെങ്കിൽ അതിന്റേതായിട്ടുള്ള റിസ്ക് ഉണ്ട്. അതിന് ബുദ്ധിമുട്ടുണ്ട്.

ശ്രീ. രാജു എബ്രഹാം: സർ, എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷയിൽ വിജയിക്കുന്നത് 90%-ൽ കൂടുതൽ ആളുകൾ ഇടത്തരക്കാർ അല്ലെങ്കിൽ അതിനു മുകളിലുള്ള കുട്ടികളാണ്. പാവപ്പെട്ട കുട്ടികൾക്ക് എൻട്രൻസ് പരിശീലനം തേടാനുള്ള സംവിധാനം ഇന്ന് നമ്മുടെ സ്റ്റേറ്റിൽ ഇല്ല. അതുകൊണ്ട് ഈ പാവപ്പെട്ട കുട്ടികൾക്ക് എൻട്രൻസ് പരിശീലനത്തിനുള്ള സംവിധാനങ്ങൾ, ഒരു നിയമ നിർമ്മാണത്തിലൂടെയോ നിർദ്ദേശത്തിലൂടെയോ ഉണ്ടാക്കുവാൻ സാധിക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, എനിക്ക് പറയേണ്ട നിർദ്ദേശമാണ് അദ്ദേഹം സൂചിപ്പിച്ചിട്ടുള്ളത്. ഞാൻ നേരത്തേ അത് സഭയിൽ സൂചിപ്പിച്ചിരുന്നു. എൻട്രൻസ് പരിക്ഷയിലൊക്കെ ജയിച്ചുവരുന്നത് കുറേക്കൂടി സൗകര്യമുള്ള, പ്രത്യേകിച്ച് നഗരത്തിലൊക്കെ പഠിച്ചിട്ടുള്ള കുട്ടികളാണ്. പാവപ്പെട്ട കുട്ടികൾക്ക് എൻട്രൻസ് കോച്ചിംഗ് കൊടുക്കുവാൻ ആവശ്യമായ ചില കാര്യങ്ങൾ ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. അതിന് ഏതുവിധത്തിലാണ് സ്കീം ഉണ്ടാക്കുവാൻ കഴിയുക എന്ന കാര്യത്തിൽ ഗവൺമെന്റ് വൈകാതെതന്നെ തീരുമാനം കൈക്കൊള്ളുന്നതാണ്.

ശ്രീ. സി. മമ്മൂട്ടി: സർ, എഞ്ചിനീയറിംഗ് കോളേജിൽനിന്ന് മറ്റ് സ്റ്റേറ്റുകളിലേക്ക് പോകുന്നതിന് പ്രധാനപ്പെട്ട പല കാരണങ്ങൾ അങ്ങ് പറഞ്ഞു. ഇവിടെ ക്വാളിറ്റിയുടെ കാര്യം വളരെ പ്രധാനമാണ്. കുട്ടികളെ സംബന്ധിച്ചിടത്തോളം ഉന്നത ഗുണനിലവാരമുള്ള കോളേജുകൾ കേരളത്തിലുണ്ട്. അതുപോലെ നിലവാരം പുലർത്താത്തവയുമുണ്ട്. ഇത് പുറത്തുള്ളവർക്ക് മനസ്സിലാക്കുവാൻ സാധിക്കാത്ത

LIBRARY ARCHIVES Kerala Legislative Assembly

സാഹചര്യത്തിൽ ഗ്രേഡിംഗ് ഏർപ്പെടുത്തിക്കൊണ്ട് ഇത് പ്രസിദ്ധപ്പെടുത്തുവാൻ, എഞ്ചിനീയറിംഗ് കോളേജിൽ ഇന്ന ഗ്രേഡിംഗ് ആണെന്ന് പ്രസിദ്ധപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ? അതോടൊപ്പംതന്നെ ഐ.ഐ.എം. അങ്ങയുടെ കാലത്താണ് കേരളത്തിൽ കൊണ്ടുവന്നത്. അതുപോലെ ഐ.ഐ.ടി.യെക്കുറിച്ച് നേരത്തേ കേരളം കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നു. ശ്രീ. അർജ്ജുൻസിംഗ് തന്നെ ഒരു മറുപടിയായിട്ട് പറഞ്ഞു, അത് നേരത്തേതന്നെ കൊടുക്കേണ്ടതായിരുന്നു, അത് ലഭിക്കാത്തതിൽ ഖേദിക്കുന്നുവെന്ന് പറയുകയും അത് അനുവദിക്കാമെന്നു പറയുകയും ചെയ്തു. അതിന്റെ നടപടി എവിടെവരെ എത്തി? അതിനു വല്ല തുടർനടപടിയും സ്വീകരിച്ചിട്ടുണ്ടോ? അത് എവിടെയാണ് സ്ഥാപിക്കുവാൻ പോകുന്നത്? ഗവൺമെന്റ് അക്കാര്യത്തിൽ എന്തുമാത്രം ശ്രദ്ധവച്ചിട്ടുണ്ട്? എന്താണ് മറുപടി എന്നുകൂടി വ്യക്തമാക്കാമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, നമ്മുടെ സാങ്കേതിക വിദ്യാഭ്യാസരംഗത്തെ ഗുണമേന്മയെപ്പറ്റി പറയുന്ന സമയത്ത് ഇവിടുത്തെ ഏറ്റവും വലിയ പ്രശ്നമെന്നു പറയുന്നത് പ്രായോഗിക പരിജ്ഞാനത്തിന്റെ കുറവാണ്. അത് പരിഹരിക്കുവാൻ ഗവൺമെന്റ് ആഗ്രഹിക്കുകയാണ്. കൂടുതൽ ഇന്റർസ്റ്റെടുത്ത്, ഇൻഡസ്ട്രിയലിസ്റ്റ്സിന്റെയും, റിസർച്ച് ഇൻസ്റ്റിറ്റ്യൂഷൻസിന്റെ മേധാവികളുടെയും നമ്മുടെ വൈസ് ചാൻസിലർമാരുടേയും യോഗം മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽത്തന്നെ വിളിച്ചുകൂട്ടിയിരുന്നു. നമ്മുടെ സാങ്കേതിക പരിജ്ഞാനം ലഭിച്ച കുട്ടികൾക്ക് തിയറിയോടൊപ്പം പ്രാക്ടീസുകൂടി ലഭിക്കുന്ന തരത്തിൽ വളരെ വിപുലീകരിച്ച തോതിൽ പരിശീലനം നൽകാൻ ഉദ്ദേശിക്കുകയാണ്. അതാണ് നമ്മുടെ ക്വാളിറ്റിയെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനമായി ചെയ്യേണ്ടകാര്യം. രണ്ടാമത്തേത് ഐ.ഐ.ടി.യുടെ കാര്യമാണ്. ഐ.ഐ.ടി.യുടെ കാര്യത്തിൽ നമുക്ക് നല്ല പ്രതീക്ഷ ഉയർന്നു വന്നിരിക്കുകയാണ്. ഐ.ഐ.ടി.യെ സംബന്ധിച്ചിടത്തോളം ഒരു കമ്മിറ്റി ഉണ്ടാക്കിയിട്ടുണ്ട്, ജോഷി കമ്മിറ്റി. ജോഷി കമ്മിറ്റി അവർ നൽകേണ്ട ശുപാർശയെ സംബന്ധിച്ച് തീരുമാനിച്ചപ്പോൾ അവർ ഒരു 9, 10 ഇൻസ്റ്റിറ്റ്യൂഷൻസിനെ ഇതിന്റെ ലിസ്റ്റിൽപ്പെടുത്തി. ഇന്നയിന്ന ഇൻസ്റ്റിറ്റ്യൂഷൻസിനെ ഇതിന് പരിഗണിക്കാമെന്നുള്ള ലിസ്റ്റിൽ നമ്മളുംപെട്ടു. കൊച്ചിൻ യൂണിവേഴ്സിറ്റിയോട് അവർ ചില കണ്ടീഷൻസ് ചോദിച്ചു, നിങ്ങളുടെ സ്ഥാപനം ഐ.ഐ.ടി.യാക്കി മാറ്റുകയാണെങ്കിൽ ഇന്നയിന്ന കണ്ടീഷൻ പാലിക്കണമെന്നുപറഞ്ഞു. അത് കൊച്ചിൻ യൂണിവേഴ്സിറ്റി നമ്മോടു പറഞ്ഞു. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നമ്മൾ കൂടി ഇതിൽ പറഞ്ഞ എല്ലാ കാര്യങ്ങളും ലാന്റിന്റെ അവയിലബിലിറ്റി, റിസർച്ച് സൗകര്യങ്ങൾ, ഓരോ ഫാക്കൽറ്റിയിലും ഡോക്ടറേറ്റുള്ളവർ വേണ്ടത്, ഇന്നിത്യാദി കാര്യങ്ങളിലൊക്കെ ആവശ്യമായ കാര്യങ്ങൾ ചെയ്യാമെന്ന് നമ്മൾ പറഞ്ഞു. കൊച്ചിൻ യൂണിവേഴ്സിറ്റിക്കാരെ ആദ്യം ചർച്ചയ്ക്ക് വിളിച്ചു. ആ ചർച്ചയ്ക്ക് കുറച്ചുകൂടി പ്രോഗ്രസ് ഉണ്ടായതുകൊണ്ട് രണ്ടാമത് ഇപ്പോൾ അവരെ ഗവൺമെന്റ് ചർച്ചയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

വിളിച്ചിരിക്കുകയാണ്. ഇപ്പോൾ ഗവൺമെന്റിന് പ്രതീക്ഷയുണ്ട്. അതോടൊപ്പം ഐ.ഐ.എം. കിട്ടാൻ വേണ്ടിയുള്ള ശക്തമായ പരിശ്രമം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽത്തന്നെ കേരളം ചെയ്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥികളുടെ പ്രശ്നത്തെ സംബന്ധിച്ച് പല തരത്തിലുള്ള ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി മറുപടി പറഞ്ഞിരിക്കുകയാണ്. കാരക്കോണം മെഡിക്കൽ കോളേജ് മറ്റെല്ലാ സ്ഥാപനങ്ങളിൽനിന്നും വ്യത്യസ്തമായി ഗവൺമെന്റിന്റെ പ്രഖ്യാപനം നടപ്പാക്കുന്നു എന്നുപറഞ്ഞുകൊണ്ട് വലിയ ക്രെഡിറ്റ് നേടിയ സ്ഥാപനമാണ്. പക്ഷേ പിന്നീട് അവർ അതിൽനിന്നും കാലുമാറി. കൂടുതൽ ഫീസ് ആവശ്യപ്പെട്ടു. ഇരുപതു സെന്റും മുപ്പതു സെന്റും ഭൂമിയുള്ള പാവങ്ങൾ, അവർ അതെല്ലാം വിറ്റിട്ട് അവരുടെ നിർബന്ധത്തിന് വിധേയമായി കുറച്ച് പണം അടച്ചെങ്കിലും പിന്നീട് ഫീസ് തുക കൂടിക്കൂടി വന്നു എന്നുള്ളതിന്റെ ഫലമായി കുട്ടികൾ അവിടെ നിരാഹാര സമരം നടത്തിക്കൊണ്ടിരിക്കുകയാണ്. അതിനെ സംബന്ധിച്ച് അവർ ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിയെ വന്നു നേരിട്ടു കണ്ടു; അവരുടെ സങ്കടങ്ങളൊക്കെ പറഞ്ഞു. അതനുസരിച്ച് മാനേജുമെന്റിനെ വിളിച്ച്, നിങ്ങൾ എന്താണ് ഇങ്ങനെ ചെയ്യുന്നത്, നിങ്ങൾ പഴയ പ്രഖ്യാപനമനുസരിച്ചുള്ള ഫീസ് നിരക്ക് നടപ്പിലാക്കൂ എന്നുപറഞ്ഞെങ്കിലും അതിപ്പോഴും നടപ്പിലാക്കാതെയിരിക്കുന്നത് എന്തുകൊണ്ട് എന്ന് അവരോട് ചോദിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ? ഇരുപത്തിയൊമ്പതിൽപ്പരം വിദ്യാർത്ഥികൾ, അവർക്ക് യാതൊരു നിവൃത്തിയുമില്ലാതെ വന്നിരിക്കുകയാണ്. ഗവൺമെന്റിന്റെ പ്രഖ്യാപനമനുസരിച്ച്, കുറഞ്ഞ ഫീസ് നിരക്ക് ഇവിടെ നടപ്പിലാക്കുന്നു എന്ന് അറിഞ്ഞതുകൊണ്ട് പല കോളേജുകളിലും പഠിച്ചുകൊണ്ടിരുന്ന കുട്ടികൾ അവിടെനിന്നെല്ലാം തന്നെ ട്രാൻസ്ഫർ വാങ്ങിയിട്ട് ഇവിടെ വന്നുവെങ്കിലും അവരെല്ലാം ഇന്ന് അനാഥമായിരിക്കുകയാണ്. നേരത്തേ ബഹുമാനപ്പെട്ട മെമ്പർമാരുടെ ചോദ്യത്തിനു മറുപടിയായിട്ട് വിദ്യാഭ്യാസമന്ത്രി ഞങ്ങൾക്ക് എന്തു ചെയ്യാനൊക്കുമെന്നുള്ള നിലയിൽ കയ്യൊഴിഞ്ഞുകൊണ്ടുള്ള നിലപാട് സ്വീകരിച്ചുകൊണ്ട്, ഫലത്തിൽ ഈ നിരുത്തരവാദികളായിട്ടുള്ള മാനേജുമെന്റിനെ, സ്വാശ്രയ മാനേജുമെന്റിനെ സഹായിക്കുക എന്നുള്ള നിലപാടാണ് സ്വീകരിക്കുന്നത്. എന്താണ് ഇതിനെ സംബന്ധിച്ചുള്ള ഗവൺമെന്റിന്റെ നിലപാടെന്ന് വ്യക്തമാക്കിയാൽ നന്നായിരിക്കും.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, ഞങ്ങൾക്ക് അങ്ങനെ ആരെയും വഴിവിട്ട് സഹായിക്കേണ്ട കാര്യമില്ല. ഞാൻ ഇപ്പോൾ മറുപടി പറയുമ്പോൾ വി. എസ്. പറഞ്ഞത് എനിക്ക് അറിയാവുന്നതുകൊണ്ട് പറയുകയാണ്. മെഡിക്കൽ എഡ്യൂക്കേഷൻ ശരിക്ക് എഡ്യൂക്കേഷൻ മിനിസ്റ്ററുടെ കീഴിലല്ല; മെഡിക്കൽ

LIBRARY ARCHIVES Kerala Legislative Assembly

എഡ്യൂക്കേഷന്റെ കീഴിലാണ്. പക്ഷേ, ജയരാജനും മറ്റും വന്നു പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ, മാനേജുമെന്റുകളെ വിളിച്ച്, അവരുടെ സമരം അവസാനിപ്പിക്കുന്നതുസംബന്ധിച്ച് ഞാൻ ശ്രീ. രാമചന്ദ്രൻ മാസ്റ്ററോട് പറഞ്ഞു. ഞങ്ങൾ അവരെ വിളിച്ചുകൂട്ടി ചില ഫോർമുലകൾ വച്ചിട്ടുണ്ട്. ചില പുരോഗതി ഉണ്ടായിട്ടുണ്ട്. നിയമപരമായിട്ടുള്ള കാര്യമെന്നു പറയുന്നത് തോമസ് കമ്മീഷൻ പ്രകാരമുള്ള ഫീസാണ് വാങ്ങേണ്ടത്. ഇതിന്റെ കാര്യം അതാണെങ്കിൽപ്പോലും വിഷമിക്കുന്ന കുട്ടികളെ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികളെ സംബന്ധിച്ച് അവരുടെ കാര്യത്തിൽ ഒരു via-media കണ്ടുപിടിക്കുവാൻ പറ്റുമോ എന്നതിനെ സംബന്ധിച്ച് ഒരു ശ്രമം അനൗദ്യോഗികമായിട്ടാണെങ്കിലും നടത്തി. ഒരു കാര്യം പറഞ്ഞാൽ അതിനോട് ബന്ധപ്പെട്ട മന്ത്രി അല്ലെങ്കിൽപ്പോലും ആ ഇഷ്യൂ സെറ്റിൽ ചെയ്ക എന്നുള്ളനിലയിൽ ശ്രമംനടത്തി. അക്കാര്യത്തിൽ ചില പ്രോഗ്രസ്സും ഉണ്ടായിട്ടുണ്ട്. ഞാൻ ശ്രീ. ജയരാജനും മറ്റുമായിട്ട് സംസാരിച്ചിരുന്നു. ഒരു ധാരണ ഉണ്ടാക്കുവാൻ കഴിയുമെന്നാണ് എന്റെ പ്രതീക്ഷ. ചില തീരുമാനങ്ങൾ വരുത്താൻ കഴിയും. അവർ ഇപ്പോൾ വെള്ളിയാഴ്ച ഇതിനെപ്പറ്റി പറയാമെന്നു പറഞ്ഞിട്ടുണ്ട്. ഈ ഇഷ്യൂ തീർക്കുവാൻ ആവശ്യമായ വിധത്തിൽ പരമാവധി ചെയ്യാൻ കഴിയുന്ന മുഴുവൻ കാര്യങ്ങളും ചെയ്യാം.

മി. സ്പീക്കർ: ചോദ്യം നമ്പർ 424.

ആദിവാസികൾക്കായുള്ള ഭൂമി വിതരണം

*2 [424] *ശ്രീ. ടി. പി. രാമകൃഷ്ണൻ:*

„ *വി. കെ. ചന്ദ്രൻ:*

„ *വി. കെ. സി. മമ്മത്കോയ:*

„ *കെ. വി. കുഞ്ഞിരാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിനായി വനഭൂമി വിട്ടുതരാൻ കേന്ദ്രസർക്കാർ സമ്മതിച്ചിട്ടുണ്ടോ; എങ്കിൽ എന്ന്;

(ബി) സമ്മതം ലഭിച്ചിട്ടും പ്രസ്തുത ഭൂമി ആദിവാസികൾക്ക് ലഭ്യമാക്കാതിരുന്നത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കുമോ;

(സി) ഏതെല്ലാം ജില്ലകളിലെ ഏതെല്ലാം ഭൂമികളാണ് വിട്ടുതരാൻ കേന്ദ്ര സർക്കാർ തയ്യാറായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly